Vol. 21. No. 2.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

February 1923.

# വിഷയവിവരണിക


| | | പേജ് |
|---|---|---|
| 1. | പഞ്ചാംഗം. | |
| 2. | രക്ഷനാഥകീർത്തനം (ഗീതം) ശ്രീമാൻ കട്ടക്കയത്തിൽ തൊമ്മൻ മാപ്പിള. | |
| 3. | പ്രസാധകക്കുറിപ്പുകൾ. | |
| 4. | കർത്താവിൻെറ സഹോദരന്മാർ. വെറി റവ. ഫാദർ അലക്ക്സാണ്ടർ സി. ഡി. | |
| 5. | പരിശുദ്ധന്മാരുടെ വണക്കം. റ. ദിവ്യശ്രീ പി. കെ. അന്തോനിക്കത്തനാർ. | |
| 6. | അപ്പസ്തോലനടപടികൾ. ശ്രീമാൻ കെ. സ. വക്കി ബി. ഏ. | |
| 7. | സെൻറ് പ്രാൻസിസ് സ്തവം. (പദ്യം) ദിവ്യശ്രീ ഏണേക്കാട്ട യൌസേപ്പ കത്തനാർ | |
| 8. | വി. ശവരിയാർ പുണ്യവാൻെറ തിരുശരീരപ്രദർശനം. വെറി റവ. ഫാദർ സിൽവെസ്റ്റർ സി. ഡി. | 34 |
| 9. | ആപത്തിൽപെട്ട യാത്രക്കാരൻ. ശ്രീമാൻ തോമ്മസ് വള്ളോന്തറ | 37 |
| 10. | 'റോമ്മാസഭ'യിൽമാത്രം രക്ഷയോ? റവ. ഫാദർ തോമ്മസ് മണ്ണഞ്ചേരി | 38 |
| 11 | ഞാനും ഒരു ക്രിസ്ത്യാനിയാകുന്നു. കാപ്പിൽ കയ്യാലക്കാസു ശ. റോമ്മാ. | 41 |
| 12 | തിരുഹൃദയ പൊതുനിയോഗം. | 43 |
| 13. | മലങ്കരസഭയും മാർപ്പാപ്പാമാരും | 44 |
| 14 | പുതിയ പുസ്തകങ്ങൾ, വർത്തമാനസംഗ്രഹം. | 45 |
| 15 | ഔഷധക്കുറിപ്പുകൾ, മനോജ്ഞവിവരങ്ങൾ, ചരമവാർത്തകൾ. | |


## ☞ വരിക്കാർ വായിച്ചിരിക്കേണ്ടതു്.

1923 കുംഭം ഉൾപ്പടെ വരിപ്പണം അടച്ചിട്ടുള്ള ഞങ്ങളുടെ മാന്യവരിക അടുത്ത ഒരു കൊല്ലത്തേ വരിസംഖ്യ വി. പി. ചുമത്തി ഈ ലക്കം മാസിക ക്കുന്നതു് സദയം സ്വീകരിച്ചു പണം മുമ്പേറയച്ചുതരുവാനപേക്ഷ. മീനം ഉൾപ്പെ തീർത്തിട്ടുള്ളവർക്ക് വരുന്ന ലക്കം വി. പി അയക്കുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു

വരിപ്പണം മേലാൽ മുമ്പേറു കിട്ടേണ്ടതാണെന്നും, അല്ലാതെ മാസിക അയ ൻ നിവൃത്തിയില്ലെന്നും തുടർച്ചയായി ഞങ്ങൾ പരസ്യപ്പെടുത്തി അറിയിച്ചിട്ടും, അ ടുത്ത കൊല്ലത്തേയ്ക്കുള്ള വരിപ്പണത്തിനു വി. പി. ചെല്ലുമ്പോൾ സംശയിച്ചു പല രും എഴുതിച്ചോദിക്കുന്നതായി കാണുന്നു. അതിനാൽ വരിപ്പണം തീരുന്ന മാസത്തെ വരുന്ന വി. പി പിറേറ ആണ്ടത്തേയ്ക്കുള്ളതാണെന്നും, ഈ നിസ്സാരസംഖ്യയായ ഒ രൂപാ മുമ്പേറു തന്നു കുസുമം വായിക്കുന്നതിൽ ഞങ്ങളുടെ മാന്യവരിക്കാർ ആര ഉപേക്ഷ വിചാരിക്കരുതെന്നും, അതിനു മനസ്സില്ലാത്തവർക്ക് മാസിക അയക്കാത്തത ൽ പരിഭവപ്പെടരുതെന്നും വിനയപൂർവ്വം വീണ്ടും ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

കുടിശ്ശികക്കാരായിട്ടുള്ളവരുടെ മാസിക ഉടനേ നിറുത്തിയാൽ ഉരുപാട്ടുകാക് നഷ്ടമായിട്ടുതീരും. അതുകൊണ്ടു ഒരു കൊല്ലത്തേയോ രണ്ടു കൊല്ലത്തേയോ തു ചുമത്തി ഈ മാസം മുതൽ അവർക്കും വി. പി. അയച്ചുതുടങ്ങിയിട്ടുണ്ടു്. കരേശ്ശ യിട്ടു ഈവിധം കുടിശിക തീർത്തു് കുസുമത്തെ നഷ്ടത്തിലാക്കാതെയും, തങ്ങൾ ആത്മീയകടം വരുത്താതെയും അവരും സൂക്ഷിക്കുമെന്നു വിശ്വസിക്കുന്നു.

എന്നു് മാനേജർ, കർമ്മലകുസുമം — മാന്നാന

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം ൧ [illegible] എപ്പാക്കത്തി ൧൩.

## ൧൯൩൪ ഫെബ്രുവരി – ൧൧൦൯ മകരം – കുംഭം

| | | | | |
|---|---|---|---|---|
| 1 | 19 | വ്യാ | അ. വേദ. അഗ്നാത്തി. ന ആ. കു. വെ. | ചു. |
| 2 | 20 | വെ | ✠ ഭാ. ക. മറി. ശുദ്ധീകരണം. ന. കു. വെ. | വെ. |
| | | | കുടമാളൂർ, പാലാ, എലഞ്ഞി, നരിവേലി, അമ്പഴക്കാട്ട, കടുപ്പാമറ്റം, മുട്ടാർ, എടത്വാ, എൽത്തുരുത്തുകൊവേന്ത, വല്ലകം തെക്കാട്ടുശേരി ഈ പള്ളികളിൽ പ്രധാന തിരുനാൾ | |
| 3 | 21 | ശ | അ. വേദ. ബ്ളാസി. ന. ആ. കു. വെ. | ചു. |
| 4 | 22 | ഞാ | ✠ ൩-ാംഞാ. [illegible] ന. കു. ആ. [illegible] | റോ. |
| 5 | 23 | തി | ക. വേദ. അഗത്താ. ന. ആ. കു. വെ. | ചു. |
| 6 | 24 | ചൊ | † ന. കർത്ത. കഷ്ടാനു. ന. ആ. കു. വെ. ✻ [illegible] | ചു. |
| 7 | 25 | ബു | മെ. റൊമുആൽദു. ന. ആ. കു. വെ. | വെ. |
| 8 | 26 | വ്യാ | † മെ. യോഹന്നാൻ മാത്താ. ന. ആ. കു. വെ. | വെ. |
| 9 | 27 | വെ | ക. വേദ. അപ്പൊലോനിയാ. ന. ആ. കു. വെ. | ചു. |
| 10 | 28 | ശ | † ക. ഌസ്കൊളാസ്തിക്കാ. ന. ആ. കു. വെ. | വെ. |
| 11 | 29 | ഞാ | ✠ ൫-ാംഞാ [illegible] ന. കു. ആ. [illegible] | റോ. |
| | | | ഇന്നു പാതിരാവിൽ അമ്പതുനോമ്പു തുടങ്ങുന്നു. | |
| | | | ചെങ്ങളം, കാഞ്ഞിരക്കോട്ട ഈ പള്ളികളിൽ വി. അന്തോനീസു പുണ്യവാൻെറ തിരുനാൾ. | |
| 12 | 30 | തി | † പാ. മെ. ലിയോനിസ്യോസ്. ന. ആ. കു. വെ. | വെ. |
| 13 | 1 | ചൊ | † അ. മെ. അന്ത്രയാ. കൊർസി. (ഈമാ. ൪) ന. ആ. കു. വെ. | വെ. |
| 14 | 2 | ബു | [illegible] വിഭൂതി. ന. കു. ആ. | റോ. |
| 15 | 3 | വ്യാ | വേദ. ഫൌസ്തീൻ. ന. ആ. കു. വെ. | ചു. |
| | | | പെരങ്ങൂർ പള്ളിയിൽ വി. അന്തോനീസു തിരുനാൾ. | |
| 16 | 4 | വെ | † ന. ക. മുൾമുടി. ന. ആ. കു. വെ. ✻ [illegible] (ഒരുനേരം) | ചു. |
| 17 | 5 | ശ | ക. വേദ. ദൊറത്തെയാ. (ഫെ മാ. ൬) ന. ആ. കു. വെ. | ചു. |
| 18 | 6 | ഞാ | ✠ നോമ്പു ൧-ാംഞാ. ന. കു. ആ. [illegible] | റോ. |
| | | | ആരക്കുഴപ്പള്ളിയിൽ വി. ശെമഓൻ അപ്പൊസ്തോലൻ തിരുനാൾ. | |
| 19 | 7 | തി | അ. വേ. ശെമഓൻ. (ഇന്നലെ) ന. ആ. കു. വെ. | ചു. |
| 20 | 8 | ചൊ | † ഭാ. ക. മറി. പ്രത്യക്ഷ. (ഈമാ. ൧൧) ന. ആ. കു. വെ. | വെ. |
| | | | വാഴക്കുളം കർമ്മല കൊവേന്തയിൽ ൪൦ മണി ആരാധന തുടങ്ങുന്നു. | |
| 21 | 9 | ബു | പട്ട. വേദ. വലെന്തിനോ. (ഈമാ. ൧൪) ന. ആ. കു. വെ. | ചു. |
| 22 | 10 | വ്യാ | പത്രോ. ശ്ലീ. അന്തി. സിംഹാ. ന. ആ. കു. വെ. | വെ. |
| 23 | 11 | വെ | † ന. ക. ഈട്ടി ആണി. ന. ആ. കു. വെ. ✻ [illegible] പട്ടം. (ഒ. നേ.) | ചു. |
| 24 | 12 | ശ | (✠) മത്ത്യാശ്ലീഹാ. ന. കു. വെ. | ചു. |
| 25 | 13 | ഞാ | ✠ നോമ്പു ൨-ാംഞാ. ന. കു. ആ. [illegible] | ചു. |
| 26 | 14 | തി | † ക. വേദ. മത്തിനാ. (ജനു. ൩൦) ന. ആ. കു. വെ. | ചു. |
| | | | കോട്ടയം വി. അപ്പ. നാമകാരണൻെറ തിരുനാൾ. | |
| 27 | 15 | ചൊ | † ഭാ. ക. മറി. വിവാഹം. (ജനു. ൨൩) ന. ആ. കു. വെ. | വെ. |
| 28 | 16 | ബു | അ. മെ. ഹില്ലാരി. (ജനു. ൧൪) ന. ആ. കു. വെ. | വെ. |

()



പതിനൊന്നാം പീയൂസ് മാർപ്പാപ്പാ
തിരുമനസ്സുകൊണ്ട്.

# കർമ്മല കുസുമം.

പുസ്തകം ൨൧ } ൧൯൨൩ ഫെബ്രുവരി. { ലക്കം ൨


## രക്ഷനാഥ കീർത്തനം.

ഹിന്തുസ്ഥാൻ തോടി — ഏകതാളം. (ജ്ഞാനപണ്ഡിതാ, എന്ന മട്ട്)

പല്ലവി.

ഉണ്ണിഈശോയെ ദാസനിൽ കനിയണെ
മണ്ണിൽ മനുജനായ് വന്നുപിറന്ന പൊ—
ന്നുണ്ണി..

ചരണം.

മന്നിലിടാനായ് കൊണ്ടു
വന്നിട്ടുള്ളോരഗ്നിയെ
എന്നിലെരിയിക്കേണമെ. ഉണ്ണി...
പാപം പൊറുക്കണെ
താപവും നീക്കണെ
ആപത്തെല്ലാമൊഴിക്കണെ. ഉണ്ണി..

തൊഹൈറാ.

അല്ലിൻനടുവാടുമാടുകളിടയിൽ
പുല്ലിൽ ഗൊശാലയിൽ മർത്ത്യാവനാർത്ഥം
തെല്ലിവനിലലിവാൻവന്നുപിറന്നനാഥാ!
നല്ലിടയാ! കരുണയിൻസമുദ്രമെ! സ്തോത്രം
(ചരണം തുടച്ച)
ത്രാണെശാ! ദയചെയ്യേണെ. ഉണ്ണി..

കട്ടക്കയത്തിൽ തൊമ്മൻമാപ്പിള.

## പ്രസാധകക്കുറിപ്പുകൾ.

### ശുദ്ധീകരണത്തിരുനാൾ

ഈമാസം രണ്ടാംതീയതിയാണല്ലോ ദൈവജനനിയുടെ ശുദ്ധീകരണത്തിരുനാൾ. കന്യാവ്രതത്തിന്നന്തരം വരാതെ ദൈവസുതനെ പ്രസവിച്ച പരിശുദ്ധ കന്യക ശുദ്ധീകരിക്കപ്പെടുന്നതിനായി ദേവാലയത്തിലേക്ക പോകുന്നതിനെ ധ്യാനിക്കയിൽ "പുണ്യാത്മാക്കൾ ആശ്ചര്യപ്പെടുന്നു. കടമുള്ള തിരുനാളുകളിൽ പോലും ദേവാലയത്തിൽ പോകുന്നതിനു അമാന്തം പ്രദർശിപ്പിക്കുന്ന ക്രിസ്ത്യാനികൾ ഈ അമ്മയുടെ ദൃഷ്ടാന്തത്തെ സൂക്ഷിക്കട്ടെ! മാതാപിതാക്കന്മാരുടെ സർവ്വപ്രധാനമായ ഒരു ചുമതലയും ഈ അവസരത്തിൽ അനുസ്മരിക്കേണ്ടതായുണ്ട്. തങ്ങൾക്ക ലഭിച്ചിട്ടുള്ള സന്താനങ്ങൾ ദൈവത്തിൻെറ ഒരു മഹാദാനമാണ്. അങ്ങേടെക്കു ഇഷ്ടമായ വിധത്തിൽ അവരെ വളർത്തിക്കൊണ്ടുവരുന്നതിനു എല്ലാപ്രകാ

രത്തിലും യത്നിക്കുന്നതിനുള്ള ഭാരമേറിയ ചുമതല അവൎക്കുണ്ടായിരിക്കുന്നു. ഈ ചുമതല വേണ്ടപോലെ നിർവഹിച്ചുകൊണ്ടുപോകുന്നതിനായി, കുട്ടി ജനിച്ചുകഴിഞ്ഞാലുടൻ അതിനെ ദൈവത്തിനു പ്രതിഷ്ഠിക്കയും, അവിടത്തെ പ്രത്യേക വരപ്രസാദം അപേക്ഷിക്കയും ചെയ്യേണ്ടതാകുന്നു

## അൻപതു വയസ്സ്.

നി. വ. ദിവ്യശ്രീ കുര്യാളശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലേയ്ക്കു കഴിഞ്ഞ ജനുവരി ൧൪-ാംനു- അൻപതു വയസ്സു പൂർത്തിയായിരിക്കുന്നു. തിരുമേനിയുടെ പന്ത്രണ്ടു കൊല്ലത്തെ ഭരണത്തിനിടയ്ക്കു ചങ്ങനാശേരി മിസ്സത്തിനു സിദ്ധിച്ചിട്ടുള്ള നാനാമുഖങ്ങളായ അഭിവൃദ്ധി ആശ്ചൎയ്യജനകമെന്നേ പറവാനുള്ളു. പുണ്യശ്ലോകനായ തിരുമേനി അരോഗദൃഢഗാത്രനായി ഇനിയും ദീർഘകാലം വാണരുളുവാൻ സൎവ്വേശ്വരൻ ഇടയാകട്ടെ!

## തിരുനാൾ മംഗളം.

ഫെബ്രുവരി ൨൬-ാംനു- തിങ്കളാഴ്ച ഡോക്ടർ ചൂളപ്പറമ്പിൽ തിരുമനസ്സിലെ നാമകാരണനായ പരിശുദ്ധൻെറ തിരുനാളാകുന്നു. കുസുമവും തദവസരത്തിൽ തിരുമനസ്സിലേക്കു സാദരം മംഗളം ആശംസിച്ചുകൊള്ളുന്നു.

## വലിയ നോമ്പ്.

"നിൻെറ പ്രാൎത്ഥന ദൈവത്തിൻ പക്കലേക്കു പറന്നുകയറുന്നതിനു നീ ആഗ്രഹിക്കുന്നുണ്ടോ? എന്നാൽ അതിനു നീ രണ്ടു ചിറകുണ്ടാക്കണം; അതായതു നോമ്പും ദാനധൎമ്മവും". വേദപാരഗനായ വി. ആഗുസ്തീനോസിൻെറ ഈ വാക്യങ്ങൾ വലിയനോമ്പ് ആരംഭിച്ചിരിക്കുന്ന ഈ അവസരത്തിൽ നമ്മുടെ കൺമുമ്പാകെ സദാ ഉണ്ടായിരിക്കത്തക്കതാണു്. "നിങ്ങൾ തപസ്സുചെയ്യയില്ലെങ്കിൽ നിങ്ങളെല്ലാവരും നശിച്ചുപോകും" എന്നു നിത്യസത്യമായ ദിവ്യരക്ഷകനും അരുളിച്ചെയ്തിരിക്കുന്നു. തപസ്സും പ്രായശ്ചിത്തപ്രവൃത്തികളും കൂടാതെ ശരീരത്തെ അമൎത്തി നിത്യരക്ഷ പ്രാപിപ്പാൻ അസാദ്ധ്യംതന്നെ. ദിവ്യരക്ഷകൻ നാല്പതു ദിവസം മുഴുവനും ഉപവസിക്കയാണു ചെയ്തതു്. സൈമൺ സ്റ്റീലൈററ് എന്ന പുണ്യവാൻ ൨൬ വൎഷത്തേക്കു ഇപ്രകാരം വലിയ നോമ്പുകാലം കഴിച്ചതായി തെയോദോറെററ് എന്ന ചരിത്രകാരൻ സാക്ഷിക്കുന്നു. വി. അഞ്ചുകായം ഫ്രംസീസ്തോസ് ആദിയായി പലർ ഈ നോമ്പുകാലം യാതൊന്നും ഭക്ഷിക്കാതെ കഴിച്ചുകൂട്ടിയിട്ടുണ്ട്. അതെല്ലാം നമ്മുടെ ആശ്ചൎയ്യത്തിനുമാത്രം വിഷയമായിരിക്കട്ടെ. എന്നാൽ ചാവുദോഷത്തിൻകീഴ കടപ്പെട്ടിരിക്കുന്ന മാംസവൎജ്ജനയുടെയും ഒരുനേരത്തിൻെറയും വിഷയത്തിൽ കഴിഞ്ഞ കാലത്തിൽ അജാഗ്രത വന്നുപോയിട്ടുണ്ടെങ്കിൽ അതിനെയെങ്കിലും പരിഹരിക്കുന്നതിനാണു ഇക്കൊല്ലം നാം പരിശ്രമിക്കേണ്ടതു്.

## വത്തിക്കാൻ സൂനഹദോസ്.

൧൮൬൯ ഡിസംബർ മാസത്തിൽ ഒൻപതാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടാണു വത്തിക്കാൻ സൂനഹദോസു ആരംഭിച്ചതു്. സൂനഹദോസിൽ സംബന്ധിപ്പാൻ അർഹതയുള്ളവരായി ൭൦൦ വൈദികാദ്ധ്യക്ഷന്മാർ ലോകത്തിൽ ആകപ്പാടെ ഉണ്ടായിരുന്നവരിൽ ൭൦൦ പേരും റോമ്മിലെത്തുകയുണ്ടായി. നാലു പരസ്യ സമ്മേളനങ്ങളും, വൻ കൂടിയാലോചനകളും നടന്നശേഷമാണു ൧൮൭൦ സെപറെറംബർ ൨൦-ാംനു- ഉച്ചയ്ക്കു കാലത്തു ൫ മണിയോടുകൂടെ ഇററാല്യൻ സൈന്യം വത്തിക്കാനിൽ പ്രവേശിച്ചു മാർപ്പാപ്പായെ ബന്ധനസ്ഥനാക്കിയതു്. ഒക്ടോബർ ൨൦-ാംനു- മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു്, കാലാവധി വയ്ക്കാതെ സൂനഹദോസു നീട്ടിയിരിക്കുന്നതായി ഒരു തിരുവെഴുത്തു പ്രസിദ്ധപ്പെടുത്തി. പ്രസ്തുത സൂനഹദോസാണു പതിനൊന്നാം പീയൂസു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു വീണ്ടും തുടങ്ങാൻ ഉദ്ദേശിക്കുന്നതു്. സമ്മേളനത്തിൽ ചേരാവുന്ന ൧൫൦൦ വൈദികമേലദ്ധ്യക്ഷന്മാർ ഇപ്പോൾ ലോകമൊട്ടുക്കുള്ളതായിക്കാണുന്നു.

# കർത്താവിന്റെ സഹോദരന്മാർ.

വേദപുസ്തകത്തിൽ ഈശോമ്ശിഹായുടെ സഹോദരന്മാരെന്നും സഹോദരികളെന്നും പറയപ്പെട്ടിരിക്കുന്നവർ ആരാകുന്നു?

"ഇവൻ ആശാരിയുടെ മകനല്ലയോ? ഇവന്റെ അമ്മ മറിയം എന്നു വിളിക്കപ്പെടുന്നവളല്ലേ? ഇവന്റെ സഹോദരന്മാർ യാക്കോബ്, യൌസേപ്പ്, ശെമഓൻ, യൂദാ എന്നവരല്ലയോ? ഇവന്റെ സഹോദരികളും എല്ലാം നമ്മോടുകൂടെ ഉണ്ടല്ലോ? അപ്പോഴോ ഇവന്നു ഇവ ഒക്കെയും എവിടെ നിന്നാകുന്നു?" എന്നു അവിശ്വാസികളായ യൂദന്മാർ നമ്മുടെ കർത്താവിനെക്കുറിച്ചു നീരസമായി പറഞ്ഞിരുന്നതിനെ വിശുദ്ധ മത്തായി സുവിശേഷകൻ ൧൩-ാം അദ്ധ്യായം ൫൫, ൫൬ ഈ വാക്യങ്ങളിൽ എഴുതിയിരിക്കുന്നു. യൂദന്മാരുടെ ഈ സംഭാഷണംതന്നെ വി മർക്കോസ് ൬-ാം അദ്ധ്യായം ൩-ാംവാക്യത്തിൽ ഇപ്രകാരം പ്രസ്താവിക്കപ്പെട്ടിരിക്കുന്നു: "ഇവൻ മറിയത്തിന്റെ മകനും, യാക്കോബിന്റെയും, യൌസേപ്പിന്റെയും, യൂദായുടെയും, ശെമഓന്റെയും സഹോദരനുമായ തച്ചൻ അല്ലയോ?" വിശിഷ്യ, കർത്താവ് ജനത്തോടു പ്രസംഗിച്ചിരുന്ന അവസരത്തിൽ, തന്റെ അമ്മയും സഹോദരന്മാരും തന്നെ കാണ്മാൻ വന്നു എന്നു സുവിശേഷത്തിൽ വേറൊരിടത്തിൽ പറഞ്ഞിട്ടുണ്ട്.

മേല്പറയപ്പെട്ട വാക്യങ്ങളിൽ ഒക്കെയും "സഹോദരന്മാർ" അഥവാ "സഹോദരികൾ" എന്ന പദം നമ്മുടെ കർത്താവിന്റെ സാക്ഷാൽ സഹോദരങ്ങളെക്കുറിച്ചു ഉപയോഗിക്കപ്പെട്ടിരിക്കുന്നു എന്നു ചില പതിതർ തെററായി വ്യാഖ്യാനിക്കയുണ്ടായി. പരിശുദ്ധ കന്യക മറിയം, തന്റെ ഉദരത്തിൽ റൂഹാദക്കുദശാതമ്പുരാന്റെ വിസ്മയകരപ്രവൃത്തിയാൽ ഉത്ഭവിച്ച ദൈവപുത്രനെ പ്രസവിച്ചശേഷം, സാധാരണ മനുഷ്യമുറ അനുസരിച്ചു പല മക്കളെ പ്രസവിച്ചു എന്നു ടി. പതിതർ ലജ്ജകൂടാതെ പ്രസ്താവിച്ചു, ഈ പതിത അഭിപ്രായം നമ്മുടെ മലയാളഭാഷയിൽ പതിതർ അടിപ്പിച്ച ഒരു ചെറിയ പ്രബന്ധത്തിൽ കാണ്മാനിടയായതുകൊണ്ടത്രെ ഈ സംഗതി സംബന്ധിച്ചു അല്പം പ്രസ്താവിക്കാൻ കരുതുന്നതു്.

ദൈവജനനിയായ പരിശുദ്ധ കന്യക മറിയം മാനുഷാവതാരം ചെയ്ത ദൈവപുത്രനെ അല്ലാതെ മററു യാതൊരു സന്താനത്തേയും പ്രസവിച്ചിട്ടില്ല. താൻ എല്ലായ്പോഴും അന്തരമില്ലാത്ത കന്യക തന്നെ ആയിരിക്കുന്നു. ഇതു വിശുദ്ധ കത്തോലിക്കാപ്പള്ളിയുടെ ഉറപ്പായ പഠിനമാണ്. കത്തോലിക്കാസഭയിൽനിന്നു ഭിന്നിച്ചുനില്ക്കുന്ന ഗ്രീക്കുസഭക്കാർ, യാക്കോബായക്കാർ മുതലായവരും ഈ സത്യത്തെ അനുസരിച്ചുവരുന്നു.

സുവിശേഷത്തിൽ നമ്മുടെ കർത്താവിന്റെ 'സഹോദരന്മാർ' എന്നും 'സഹോദരികൾ' എന്നും പറയപ്പെട്ടിരിക്കുന്നതു്, വിശുദ്ധ അഗുസ്തീനോസ് മല്പാൻ പഠിപ്പിക്കുംപ്രകാരം (Cousins) ജ്യേഷ്ഠാനുജമക്കളെക്കുറിച്ചു ഗ്രഹിക്കേണ്ടതാണ്. നമ്മുടെ കർത്താവീശോമിശിഹായുടെ പിതാവ് എന്നു വിചാരിക്കപ്പെട്ടിരുന്ന വിശുദ്ധ യൌസേപ്പു പിതാവിന്റെ ഒരു സഹോദരനാണ് (Alpheus) അല്ലെ അഥവാ (Cleophas) കലിയോപ്പാ എന്നു വേദപുസ്തകത്തിൽ പറയപ്പെടുന്നയാൾ. ഇദ്ദേഹത്തിന്റെ ഭാര്യ ആയ മറിയം പരിശുദ്ധ കന്യക മറിയത്തിന്റെ അടുത്ത സംബന്ധിയുമായിരുന്നു. ഈ കലിയോപ്പായുടേയും മറിയത്തിന്റേയും മക്കളാണ് സുവിശേഷത്തിൽ നമ്മുടെ കർത്താവിന്റെ സഹോദരന്മാരെന്നു പറയപ്പെടുന്ന യാക്കോബും, യൌസേപ്പും, ശെമഓനും, യൂദായും. ഈശോ കർത്താവ് വിശുദ്ധ യൌസേപ്പിന്റെ മകനായി വിചാരിക്കപ്പെട്ടിരുന്നതിനാൽ, വിശുദ്ധ യൌസേപ്പിന്റെ സഹോദരനായ കലിയോപ്പായുടെ മക്കൾ ഈശോയുടെ സഹോദരന്മാരായി ഗണിക്കപ്പെ

ടുന്നതും വിളിക്കപ്പെടുന്നതും സകല ജാതിജനങ്ങളുടെയും മുറസ്സു യോജിക്കുന്നതാണ്. വിശേഷിച്ചും പരിശുദ്ധ കന്യകമറിയവും കലിയോപ്പായുടെ ഭാര്യ മറിയവും തമ്മിൽ അടുത്ത സംബന്ധമുണ്ട്. ഇതിനാൽ വിശുദ്ധ യോഹന്നാൻെറ സുവിശേഷം ൧൯-ാം അദ്ധ്യായം ൨൫-ാം വാക്യത്തിൽ ഈ മറിയം പരിശുദ്ധ കന്യകമറിയത്തിൻെറ 'സഹോദരി' എന്നു വിളിക്കപ്പെടുന്നു. വിശുദ്ധ യോആക്കിംബാവായിക്കും വിശുദ്ധ അന്നാഅമ്മയ്ക്കും പരിശുദ്ധ കന്യകമറിയം എന്ന ഏക സന്താനം മാത്രമേ ഉണ്ടായിരുന്നൊള്ളു. ആകയാൽ ഇവിടെയും 'സഹോദരി' എന്ന പദം ഉപയോഗിക്കപ്പെട്ടിരിക്കുന്നത് സംബന്ധമുറ അനുസരിച്ചത്രെ. ഇപ്രകാരം തമ്മിൽ സഹോദരിമാരായ പരിശുദ്ധ കന്യക മറിയത്തിൻെറ ഏകപുത്രനായ നമ്മുടെ കർത്താവീശോമിശിഹായും കലിയോപ്പാ മറിയത്തിൻെറ പ്രസ്തുത നാലു മക്കളും തമ്മിൽ രക്തസംബന്ധമുള്ളതിനാൽ, ഇവർ ന്യായമായിട്ടു നമ്മുടെ കർത്താവിൻെറ 'സഹോദരന്മാർ' എന്ന നാമത്തിന്നു അർഹതയുള്ളവരുമാണ്. ഈ നാലു പേരിൽ യാക്കോബും, തദൈ എന്നു മറുനാമമുള്ള യൂദായും (യൂദാസ്കറിയോത്തല്ല.) കർത്താവിൻെറ ൧൨ ശ്ലീഹന്മാരുടെകൂട്ടത്തിൽ എണ്ണപ്പെട്ടു. ചെറിയ യാക്കോബ്ശ്ലീഹാ എന്നുവിളിക്കപ്പെടുന്ന ഈ യാക്കോബ് ഓർശ്ലേത്തമെത്രാനായിമരിച്ചശേഷം ഇദ്ദേഹത്തിൻെറ സഹോദരനായ ശെമഓൻ പിൻഗാമിയായി തെരിഞ്ഞെടുക്കപ്പെട്ടു. നാലാമത്തെ സഹോദരൻ യൗസേപ്പ്— മഹാ പരിശുദ്ധനായിരുന്നു; യൂദന്മാർകൂടെയും ഇദ്ദേഹത്തെ 'നീതിമാൻ' എന്നു വിളിച്ചിരുന്നു. ഇവരുടെ പിതാവായ കലിയോപ്പ നമ്മുടെ കർത്താവിൻെറ ശിഷ്യഗണത്തിൽ ഉൾപ്പെട്ടു. എമ്മാവൂസിന്നു പോയ രണ്ടു ശിഷ്യരിൽ ഒരാൾ ഇദ്ദേഹമായിരുന്നു. (ലൂക്കാ ൨൪. ൧൮)

ഫാദർ അലക്സാണ്ടർ സി. ഡി.

## പരിശുദ്ധന്മാരുടെ വണക്കം.

(ഒരു സംഭാഷണം, തുടർച്ച)

സൈമൺ— ഏതാദൃശ സംഗതികൾക്കു തക്ക തെളിവു വേദപുസ്തകത്തിൽ സുലഭമായുണ്ട്. സംശയമുണ്ടെങ്കിൽ സൃഷ്ടിപ്പിൻെറ പുസ്തകം ൧൮-ാം അദ്ധ്യായം, ൨-ാം വാക്യവും, ൧൯-ാം അ. ൧-ാം വാക്യവും, ൩൨-ാം അ. ൨, ൩ വാക്യങ്ങളും, യോശുവായുടെ പുസ്തകം ൫-ാം അ. ൧൪, ൧൫ വാക്യങ്ങളും മനസ്സിരുത്തി വായിച്ചു ആലോചിച്ചുകൊള്ളുക. അപ്പോൾ ഞങ്ങളുടെ പ്രവൃത്തികളുടെ സാധുത്വം വേഗം മനസ്സിലാകും. ദൈവത്തിനും വിശുദ്ധന്മാൎക്കും ചെയ്യുന്ന ആരാധനയും വണക്കവും തമ്മിലുള്ള വ്യത്യാസം ചിലപ്പോഴൊക്കെയും ബാഹ്യമായി പ്രത്യക്ഷപ്പെട്ടെന്നു വരുന്നതല്ലെന്നിരുന്നാലും— ദാതാവിൻെറ അഥവാ അപേക്ഷകൻെറ— ഉദ്ദേശ്യമാണു നോക്കാനുള്ളത്. "പരമവും ദൈവികവുമായ ബഹുമാനം വിശുദ്ധന്മാൎക്കും ദൈവദൂതന്മാൎക്കും ചെയ്യുന്നതിനു പാടില്ല. എന്തുകൊണ്ടെന്നാൽ ഇതു ദൈവത്തിനു മാത്രം സംബന്ധിക്കുന്നതാകുന്നു" എന്നാൽ "ഇവൎക്കു; ദൈവത്തിൻെറ ഭൃത്യരും പ്രത്യേക സ്നേഹിതരുമെന്ന നിലയിൽ, അധമമായ ബഹുമാനവും വണക്കവും ചെയ്യുന്നതിനു പാടുണ്ടു" എന്നു ചെറുപ്പത്തിലെ പഠിച്ചറിഞ്ഞിട്ടുള്ള ഞങ്ങൾക്കു— "ദൈവത്തിനുള്ളതു ദൈവത്തിനും കേസറിൻേറതു കേസറിനും" കൊടുക്കുന്നതിനു നല്ലവണ്ണം അറിയാം. ദൈവതിരുമുമ്പാകെ— ഞങ്ങൾ മുട്ടുകുത്തുമ്പോൾ— അങ്ങേ മഹത്വമുള്ള സന്നിധിയിൽ ഞങ്ങളുടെ 'ഇല്ലായ്മ'യെ പ്രത്യക്ഷപ്പെടുത്തുന്നതിനും മറ്റും വേണ്ടി ഞങ്ങൾ അങ്ങനെ ചെയ്യുന്നു. ഒരു പ്ര

ണ്യവാന്റെയോ അദ്ദേഹത്തിന്റെ സ്വരൂപത്തിന്റെയോ മുമ്പിൽ ഞങ്ങൾ മുട്ടുകുത്തുമ്പോൾ ദൈവത്തിന്റെ ഒരു സ്നേഹിതനെ ബഹുമാനിക്കുന്നതിനു ഞങ്ങൾ അപ്രകാരം ചെയ്യുന്നു. ദൈവത്തെ ആരാധിക്കുന്നതിനുവേണ്ടി ഞങ്ങൾ ബലിപീഠമുണ്ടാക്കുകയും പള്ളി പണിയിക്കുകയും ചെയ്യുന്നു. പുണ്യവാന്മാരുടെ ഭക്തിയുള്ള ഓർമ്മയെ നിലനിറുത്തുന്നതിനുവേണ്ടി അവരുടെ ബഹുമാനാർത്ഥം അവയെ ഞങ്ങൾ ഉണ്ടാക്കുന്നു. ദിവ്യബലി ദൈവത്തിനുമാത്രം ഞങ്ങൾ സമർപ്പിക്കുന്നു. പുണ്യവാന്മാരുടെ തിരുനാളുകൾ ഞങ്ങൾ ആഘോഷിക്കുമ്പോഴും അവരുടെ കുർബ്ബാനകൾ ഞങ്ങൾ അനുഷ്ഠിക്കുമ്പോഴും അവരുടെ മാദ്ധ്യസ്ഥം ഞങ്ങൾ അപേക്ഷിക്കുകയേ ചെയ്യുന്നുള്ളു. ദൈവത്തെ— തന്നെപ്രതി ഞങ്ങൾ ബഹുമാനിക്കുന്നു. എന്നാൽ വിശുദ്ധന്മാരെ; ദൈവത്തിൽനിന്ന് അവർക്കു കിട്ടിയിട്ടുള്ളവയും ശരിയായി അവർ ഉപയോഗിച്ചിട്ടുള്ളവയുമായ ദാനങ്ങളേയും ആനുകൂല്യാദികളേയും പ്രതി ഞങ്ങൾ ബഹുമാനിക്കുന്നു.

ഡോക്ടർ— എന്നാൽ ഇങ്ങനെ പുണ്യവാന്മാരെ ബഹുമാനിക്കുന്നതു "ദൈവത്തിനുമാത്രം ബഹുമാനവും സ്തുതിയും" എന്നു പഠിപ്പിക്കുന്ന വേദപുസ്തക വാക്യത്തിനു വിരോധവും— ദൈവത്തിനു ആക്ഷേപകരവുമല്ലേ?

സൈ— ഒരിക്കലും വിരോധമല്ല. ഞങ്ങൾ ദൈവത്തിനു ചെയ്യേണ്ട ബഹുമാനവും സ്തുതിയും ദൈവത്തിനല്ലാതെ ആർക്കും കൊടുക്കുന്നില്ല. കത്തോലിക്കാസഭ, ദൈവത്തിന്റേതു ദൈവത്തിനും കേസറിന്റേതു കേസറിനും കൊടുക്കുന്നു. അവർ ഉപയോഗിക്കുന്ന വചനങ്ങൾ എന്തായിരുന്നാലും വിശുദ്ധന്മാർക്കു ചെയ്യുന്ന ബഹുമാനം എങ്ങനെയുള്ളതായിരുന്നാലും ഒരിക്കലും അവർ വിശുദ്ധന്മാർക്കു ദൈവാരാധന ചെയ്യണമെന്നു പഠിപ്പിക്കുകയോ ചെയ്കയോ ചെയ്യുന്നില്ല. ദൈവത്തിന്റെ വിശ്വസ്തഭൃത്യന്മാരായി മാത്രം അവർ പുണ്യവാന്മാരെ ബഹുമാനിക്കുന്നു. എന്നാൽ അവർ സൃഷ്ടികളാണെന്നും, അതിനാൽ അവർക്കുള്ളവയും ഉണ്ടായിരുന്നവയും ദൈവത്തിൽനിന്ന് അവർക്കു കിട്ടിയിട്ടുള്ളവ മാത്രമാണെന്നും, സ്വശക്തികൊണ്ടു നമ്മെ അവർക്കു സഹായിപ്പാൻ പാടില്ലെന്നും അവർ ഒരിക്കലും വിസ്മരിക്കുന്നില്ല. "തനിക്കുമാത്രം ബഹുമാനവും സ്തുതിയും" എന്നു വേദപുസ്തകം പറയുന്ന ദൈവം ആണ് നാം മാതാപിതാക്കന്മാരേയും മറ്റും ബഹുമാനിക്കണമെന്നു കല്പിക്കുന്നത് എന്ന് ഓർമ്മിപ്പിച്ചാൽ— പുണ്യവാന്മാരെ ബഹുമാനിക്കുന്നതുകൊണ്ടു ദൈവത്തിനു ഒരുവക ആക്ഷേപവും ഉണ്ടാകാൻ പാടില്ലെന്നു മനസ്സിലാകുന്നതാണ്. നമ്മുടെ മിസ്റ്റർ പീറ്ററല്ലേ വരുന്നത്. ഈ വാദത്തിൽ അയാളുടെ അഭിപ്രായം നമുക്കു വളരെ സഹായമായി ഭവിക്കും.

പീറ്റർ— എന്തു സഹായമാണ് എന്നിൽനിന്നു നിങ്ങൾ ആവശ്യപ്പെടുന്നതു?

സൈ— മിസ്റ്റർ പീറ്റർ! നിങ്ങളുടെ തൊഴിൽ പന്തുരവും കൊത്തുപണിയുമാണല്ലോ. നിങ്ങൾ ഒരു ഭംഗിയേറിയ പടം എഴുതി എല്ലാവരും കാണുന്നതിനായി നിങ്ങളുടെ ഷാപ്പിന്റെ മുൻവശത്തു സ്ഥാപിച്ചു എന്നിരിക്കട്ടെ! ആ പടം കാണുന്നതിനായി വരുന്നയാളുകൾ അതേപ്പറ്റി സീമാതീതമായി ശ്ലാഘിച്ചു സംസാരിക്കുന്നതു നിങ്ങൾ കേട്ടാൽ നിങ്ങൾ കോപിക്കുകയോ, നിങ്ങളെ അവരാക്ഷേപിക്കുകയാണെന്നു വിചാരിക്കുകയോ ചെയ്യുമോ?

പീ— ഒരിക്കലും ഇല്ല. ഇങ്ങനെ വിചാരിക്കുന്നതിനുള്ള കാരണം എന്ത്? എനിക്കെന്താ ഭ്രാന്തുണ്ടോ? നേരേമറിച്ചു ഞാൻ ഉണ്ടാക്കിയ പടത്തെ സ്തുതിക്കുന്നതിൽ ഞാൻ അത്യധികം സന്തുഷ്ടനായിരിക്കും. എന്തെന്നാൽ അവരെന്റെ പടത്തെ സ്തുതിക്കുന്നതിനാൽ എന്നെ സ്തുതിക്കുകയാണു ചെയ്യുന്നത്. ആ സ്തുതി പടത്തിനല്ല. അതിനെ പിംഗുരിച്ച എനിക്കാണു ലഭിക്കുന്നത്.

പി. കെ. അന്തോനിക്കത്തനാർ.

# അപ്പസ്തോലനടപടികൾ.

പുതിയ നിയമ ഗ്രന്ഥത്തെ മൂന്നു പ്രധാനഭാഗങ്ങളായി വിഭജിക്കാം; അദ്യത്തെ അംശത്തിൽ ക്രിസ്തുവിന്റെ ദിവ്യചരിത്രത്തെ വിവരിക്കുന്ന നാലു സുവിശേഷങ്ങളും, അവസാനത്തേതിൽ പത്രോസ് പൗലോസ് മുതലായ ഏതാനും ശ്ലീഹന്മാർ ക്രിസ്തുമതാവലംബികളായ ജനസമൂഹങ്ങൾക്കു എഴുതിയ ലേഖനശേഖരവും ഉൾപ്പെടുന്നു; മദ്ധ്യത്തിലുള്ള അനതിദീർഘമായ പുസ്തകമാണ് "അപ്പസ്തോലനടപടികൾ" എന്ന പേരോടുകൂടി അറിയപ്പെടുന്നത്. ഈ തലക്കെട്ട് ഇതിന് ആദിമകാലം മുതൽ തന്നെ ഉള്ളതാണെങ്കിലും പുസ്തകത്തിലടങ്ങിയിരിക്കുന്ന സംഗതികളെ പ്രമാദരഹിതമായും സുവ്യക്തമായും ദ്യോതിപ്പിക്കുന്നതിന് പര്യാപ്തമെന്നു പറഞ്ഞുകൂടാ. അപ്പസ്തോലഗണത്തിൽ ഭൂരിപക്ഷത്തെപ്പററിയും ഇതിൽ യാതൊന്നും പറയുന്നില്ല; രണ്ടുപേരെക്കുറിച്ചുമാത്രമേ സാമാന്യം വിസ്തരമായി പ്രസ്താവിക്കുന്നുള്ളു. കഥാസംഗതി ആലോചിക്കുന്നപക്ഷം "തിരുസഭാരംഭ"മെന്നോ "ദൈവവചനസഫലീകരണ"മെന്നോ തലവാചകമെഴുതിയാൽ അധികം യോജിച്ചേക്കും.

ഈ പുസ്തകത്തിന്റെ വിശ്വാസയോഗ്യതയെ സകല ക്രിസ്തീയവിഭാഗങ്ങളും നിസ്തർക്കം സമ്മതിച്ചിട്ടുണ്ട്. വാസ്തവത്തിൽ, ഇതിന്റെ ഗ്രന്ഥകർത്താവ് ഇതിൽ പ്രസ്താവിതമായ കാര്യങ്ങളുടെ ഒരു ദൃക്സാക്ഷിയും അവയിൽ ഭാഗഭാക്കായ ഒരു സമകാലീനനും ആണെന്നുള്ളതിലേക്കു ലക്ഷ്യങ്ങൾ കാണാവുന്നതാണ്. ചിലസന്ദർഭങ്ങളിൽ അദ്ദേഹം സ്വവ്യക്തിയെ വിസ്മരിച്ചുപോയിട്ട്, 'ഞങ്ങൾ' എന്ന ബഹുവചനത്തെ ഉപയോഗിച്ച് കഥയിലെ മററു പാത്രങ്ങളുമായുള്ള തന്റെ ആപ്തസ്ഥിതിയെ അറിയാതെ പ്രത്യക്ഷപ്പെടുത്തിക്കാണുന്നു. പല തെളിവുകളേയും അടിസ്ഥമാക്കി ഈ ഗ്രന്ഥകർത്താവ് സുവിശേഷകനായ വിശുദ്ധ ലൂക്കാതന്നെയാണെന്നാണ് സകലരും ഏകകണ്ഠമായി അഭിപ്രായപ്പെടുന്നത്. വി. ലൂക്കാ, പൗലോസ് ശ്ലീഹായുടെ ഒരാപ്തമിത്രവും സഹചാരിയും ആയിരുന്നെന്ന് മററു വഴികളിൽ നിന്ന് അറിയുന്നതും 'അപ്പസ്തോലനടവടികളിൽ' വി. പൗലോസിനെ സംബന്ധിച്ച കാര്യങ്ങൾ പ്രാധാന്യത്തെ വഹിക്കുന്നതും മേൽപറഞ്ഞ അഭിപ്രായത്തെ ബലപ്പെടുത്തുന്നവയാണ്

"അപ്പസ്തോലനടവടി"കളിൽ തിരുസഭയുടെ മുപ്പതുകൊല്ലത്തെ ചരിത്രം സംക്ഷേപിക്കപ്പെട്ടിട്ടുണ്ട്. ഈ കാലഘട്ടം ന. കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിരുനാൾമുതൽ ക്രിസ്താബ്ദം ൬൩ വരെയാണ്. ആകെ ൨൮ അദ്ധ്യായങ്ങളുള്ളവയിൽ ആദ്യത്തെ ൧൨ അദ്ധ്യായങ്ങളിൽ വി. പത്രോസിന്റെ ഏതാനും പ്രസംഗങ്ങളേയും പ്രവൃത്തികളേയുംകുറിച്ചും, ശേഷമുള്ളവയിൽ വി. പൗലോസിന്റെ പ്രേഷകപരിശ്രമങ്ങളെ സംബന്ധിച്ചും ആണ് പ്രധാനമായി എഴുതപ്പെട്ടിരിക്കുന്നതു. വി. പൗലോസു റോമ്മിൽ കാരാഗൃഹവാസം ചെയ്യുന്ന ഘട്ടത്തിൽ ഗ്രന്ഥകർത്താവു പുസ്തകത്തിനു പൂർണ്ണവിരാമം ഇടുന്നു. ഇക്കാലത്തിനകം തിരുസഭ ഓർശ്ലമിൽനിന്ന് റോമിലേക്കും, യൂദന്മാരിൽനിന്ന് പുറജാതികളിലേക്കും പ്രചരിച്ചു വളർന്നിരിക്കുന്നു.

ന. കർത്താവിന്റെ സ്വർഗ്ഗാരോഹണകഥയിലാണ് 'അപ്പസ്തോലനടവടികൾ, ആരംഭിക്കുന്നതെന്നു സൂചിപ്പിച്ചല്ലൊ. 'പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുന്നതിനെ നിങ്ങൾ കൈക്കൊണ്ട് ഓർശ്ലേമിലും യൂദിയായുടെയും സമറിയായുടെയും സകല ഭാഗങ്ങളിലും ഭൂമിയുടെ പരിധിപ്രദേശത്തുപോലും നിങ്ങൾ എന്റെ പേർക്കു സാക്ഷികളായി ഇരിക്കണം" എന്ന് ശിഷ്യന്മാരോടു കല്പിച്ചതിന്റെശേഷം നമ്മുടെ കർത്താവ് മേഘാവൃതനായി സ്വർഗ്ഗത്തിലേക്കു ആരോഹണംചെയ്തു. ശിഷ്യന്മാർ ൧൧ പേരും ഓർശ്ലമിലേക്കുതിരിച്ചുവന്ന്, യൂദായുടെ സ്ഥാനത്തു മത്തിയാസിനെ തിരിഞ്ഞെടുത്തതിന്റെശേഷം എല്ലാവരും പ്രാർത്ഥന

യിൽ നിരതരായി ഇരിക്കുമ്പോൾ പരിശുദ്ധാത്മാവിയുടെ പ്രകാശം അവരുടെമേൽ ഉജ്ജ്വലിക്കയും അവർ ദിവ്യപ്രബോധനയാൽ ഭരിതരായി പ്രസംഗിക്കയും ചെയ്തു. പത്രോസ്, യൂദിയായിലെ ജനങ്ങളേയും ഓർശ്ലേമിലെ നിവാസികളേയും അഭിസംബോധനംചെയ്തുകൊണ്ട് മിശിഹായുടെ ദിവ്യത്വത്തേയും അദ്ദേഹത്തെ നിഗ്രഹിച്ചതു കൊണ്ട് യൂദന്മാർചെയ്ത മഹാപാതകത്തേയും കുറിച്ച് സധൈര്യം പ്രസംഗിച്ചതിൻെറ ഫലമായി അനേകായിരം ജനങ്ങളുടെ ഹൃദയങ്ങളിൽ ഭയവിശ്വാസ വികാരങ്ങൾ പ്രോജ്ജ്വലിക്കയും അവർ ഉത്തമമനസ്താപത്തോടുകൂടി ജ്ഞാനസ്നാനംസ്വീകരിക്കയും ഉണ്ടായി.

ഇപ്രകാരം ന. കൎത്താവിൻെറ പ്രഥമവാഗ്ദാനം സഫലീഭവിച്ചു. പരിശുദ്ധാത്മാവി ശിഷ്യന്മാരുടെമേൽ എഴുന്നെള്ളി; ശിഷ്യന്മാൎക്കു ദിവ്യപ്രേരണ ലബ്ധമായി. എന്നാൽ തൻെറ പ്രേഷകന്മാരുടെ അധ്യാപനത്തെ അവരുടെ അത്ഭുതപ്രവൎത്തനംകൊണ്ടു സ്ഥിരീകരിക്കുന്നതാണെന്ന് മിശിഹാ വാഗ്ദാനം ചെയ്തിരുന്നു. അടുത്തുവരുന്നതു് ഈവാഗ്ദാനത്തെ പൂൎത്തിയാക്കുന്ന പ്രസിദ്ധമായ ഒരത്ഭുതം തന്നെ. പത്രോസും യോഹന്നാനും കൂടി ദേവാലയത്തിനുള്ളിലേക്കു കടന്നുപോയപ്പോൾ ജന്മനാ മുടന്തനായിരുന്ന ഒരുവൻ പടിവാതുക്കൽ കിടന്നുകൊണ്ട് പതിവനുസരിച്ച് ഭിക്ഷയാചിച്ചു. എന്നാൽ "വെള്ളിയും സ്വൎണ്ണവും എനിക്കൊന്നുമില്ല" എന്ന് പത്രോസ് മറുപടിപറഞ്ഞു. "എനിക്കുള്ളതിനെ നിനക്കു ഞാൻ തരുന്നു; നസ്രായക്കാരനായ ഈശോയുടെ നാമത്തിൽ, എഴുന്നേററു നടക്കുക" എന്നു വീണ്ടും പറഞ്ഞുകൊണ്ട് പത്രോസ് അവൻെറ വലത്തുകൈമേൽ പിടിച്ചു എഴുന്നേൽപിച്ചു. തൽക്ഷണം അവൻെറ പാദങ്ങൾക്കുശേഷിയുണ്ടായി. അവൻ എഴുന്നേററു നിന്നു; ആഹ്ളാദനിമഗ്നനായി നടന്നു; ദൈവത്തെ പുകഴ്ത്തിക്കൊണ്ട് ദേവാലയത്തിലേക്കു കുതിച്ചുപോകയും ചെയ്തു. നാല്പതുവയസ്സുണ്ടായിരുന്ന ഒരു മനുഷ്യൻെറ ജന്മസിദ്ധമായ പ്രസ്തുത അംഗവൈകല്യത്തെ ക്ഷണത്തിൽ പരിപൂൎണ്ണമായി സുഖപ്പെടുത്തിയതിനെ കണ്ട് ജനങ്ങൾ അത്ഭുതപരതന്ത്രരായിതീൎന്നു; അവരിൽ അനേകം പേർ മാനസാന്തരപ്പെടുകയുമുണ്ടായി.

(തുടരും)

കെ. സി. വൎക്കി ബി. ഏ.

## സെൻറു പ്രാൻസിസ് സ്തവം.

ദൈവപ്രസാദപരിപൂരിതമായി നിത്യം
ഗോവയ്ക്കുമേന്മയരുളും പരിശുദ്ധദേഹം
ഏവൎക്കുമത്ഭുതമനല്പമണച്ചതെല്ലും
ഭാവത്തിനുനമിയലാതിഹ ലാലസിപ്പൂ. ൧.

ഇന്നാളിലീശ്വരവിലാസ മിതൊന്നു കണ്ടി-
ട്ടെന്നാകിലും പരമസത്യമതപ്രബോധം
നന്നായ് വിളങ്ങിയതുഭാരതഭൂവിഭാഗ-
ത്തിന്നാശ്ശുഭാഗ്യപരിപൂൎത്തിവരുത്തിടട്ടെ! ൨.

ലോകം സമസ്തമൊരുമൎത്ത്യനു കൈവശത്തി-
ലാകുന്നുവെങ്കിലുമവന്നു നിജാത്മകാൎയ്യം
ശോകത്തിലാകിലതുനിഷ്ഫലമെന്നപാഠ-
മേകുന്നതേസതതമിപ്പുരുപുണ്യതാതൻ. ൩.

ഇക്കേരളോൎവ്വി പരിപാവനമാക്കി നിൻെറ
തൃക്കാൽപതിച്ചു, സുവിശേഷമഹത്വമോതി
അക്കാലമാത്മതിമിരത്തെയകററി ഞങ്ങൾ-
ക്കിക്കാൎയ്യമോൎക്കുവതുതന്നെവിശേഷഭാഗ്യം. ൪.

ദൂരം പണച്ചെലവു യാത്രമുഖേനയുണ്ടാം
പാരംപ്രയാസമിവ കേവലമോൎത്തിടാതെ
ഓരോ വിദേശജനസംഘമഹോ ഗമിക്കു-
ന്നാരോമലാത്മപിതൃദേഹസമീക്ഷണാൎത്ഥം. ൫.

വന്ദിച്ചു നിൻെറ തിരുമുമ്പിലണഞ്ഞു തൃക്കാൽ
ചുംബിച്ചുനില്പവരെ വാഴ്ത്തുമസംശയം നീ
എന്നാലതിന്നു കഴിയാതെ തപിപ്പവൎക്കും
തന്നാലുമാത്മവരമുന്നതപുണ്യമൂൎത്തേ! ൬.

ഇന്നാട്ടിലുള്ള ജനമാകവെ സത്യവേദ-
ത്തിന്നാഭയേററു പരിതുഷ്ടിയണഞ്ഞിടട്ടേ
ഭിന്നിപ്പകന്നു പുനരൈക്യമുടൻ വരട്ടേ
നിന്നിഷ്ടമൊക്കെ നിഖിലേശ ഭരനേകിടട്ടേ. ൭

ഏണേക്കാട്ടു യൌസേപ്പുകത്തനാർ.

# വി. ശവരിയാർപുണ്യവാൻെറ തിരുശരീരപ്രദർശനം.

വി. ശവെരിയാർ ൧൫൦൬ ഏപ്രിൽ ൭-ാംനു- സ്പെയിനിൽ നവാർക്കോട്ടയിൽ ജാതനായി. അക്കാലത്തിൽ എല്ലാവക കലാശാസ്ത്രങ്ങൾക്കും ഒരു കേന്ദ്രസ്ഥാനമെന്നപോലെ പരിലസിച്ചിരുന്ന പാരീസു സർവ്വകലാശാലയിലെ ഒരു പണ്ഡിതനായി അദ്ദേഹം ജോലി ചെയ്തുവരികയിൽ വി. ഇഗ്നാസിയോസിനോടുണ്ടായ സഹവാസം നിമിത്തം ലോകമായും ഗ്രഹിക്കയും സകലവും പരിത്യജിച്ചു് അദ്ദേഹത്തെ അനുഗമിച്ചു് ഈശോസഭയിൽ ചേരുകയും ചെയ്തു. അനന്തരം ൧൫൩൭-ൽ ഗുരുപ്പട്ടമേററു ൧൫൪൧-ൽ പ്രേഷകവേലയ്ക്കായി ഇന്ത്യയിലേക്കു പുറപ്പെട്ടു് ൧൫൪൨ മെയ്മാസം ൬-നു ഗോവയിൽ വന്നെത്തി.

ഗോവാ, മലയാളം, മദ്രാസ്, സിലോൺ, ചീനം, ജപ്പാൻ മുതലായ രാജ്യങ്ങളിൽ ചുററിസഞ്ചരിച്ചു ൧൨ ലക്ഷത്തിൽപരം ആളുകളെ ഈ വിശുദ്ധൻ സത്യവേദത്തൽ ചേർത്തിട്ടുണ്ടു്. ഭൂഗോളത്തെ മൂന്നു പ്രാവശ്യം ചുററിവരത്തക്ക ദൂരം സുവിശേഷപ്രചാരാർത്ഥം അദ്ദേഹം പ്രയാണം ചെയ്തിട്ടുള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ൨൦൦-ൽ അധികം രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ടു്. പുണ്യവാൻ ജീവിച്ചിരിക്കയിൽ, മരിച്ച ൨൪ പേരെ ഉയിർപ്പിക്കയുണ്ടായി. മരണശേഷം ഈ സിദ്ധൻെറ മാദ്ധ്യസ്ഥംകൊണ്ടു ൨൭ മരിച്ചവർ ഉയിർത്തിട്ടുണ്ടു്. മലാക്കാരൂപതയിൽതന്നെ ൭൦൦ അത്ഭുതങ്ങൾ സംഭവിച്ചതായി ആ രൂപതയിലെ മെത്രാൻ സത്യത്തിന്മേൽ സാക്ഷിച്ചിരിക്കുന്നു

൧൫൫൨ ഡിസംബർ ൨-ാംനു- ചീനരാജ്യത്തിൽപ്പെട്ട സംസ്യാൻതുരുത്തിൽ വെച്ചാണു് പുണ്യവാൻ. ഭാഗ്യമരണം പ്രാപിച്ചതു്. മാംസമെല്ലാം വേഗം അഴിഞ്ഞു അസ്ഥികൾ ഇന്ത്യയിലേക്കു കൊണ്ടുപോരുന്നതിനുവേണ്ടി പ്രേതം ഒരു പെട്ടിക്കകത്താക്കി കുമ്മായം ഇട്ടു നിറച്ചു. എന്നാൽ രണ്ടു മാസത്തിൻെറശേഷം പെട്ടി തുറന്നുനോക്കിയപ്പോൾ ശരീരം യാതൊരു ക്ഷയവുമില്ലാതെയും നിറമാററമില്ലാതെയും, മുഖം ഉറങ്ങിക്കിടക്കുന്ന ആളിൻേറതുപോലെ രക്തമയമുള്ളതായും ഇരിക്കുന്നതു കണ്ടതിനാൽ പൂജ്യതയോടെ എടുത്തു ഗോവയിൽ കൊണ്ടുപോയി സ്ഥാപിക്കപ്പെട്ടു. ൧൬൨൨ മാർച്ചു ൧൨-ാംനു- പുണ്യവാനെന്നു നാമകരണം ചെയ്യപ്പെടുകയാൽ ൧൯൨൨ ൽ മൂന്നു യുഗം പൂർത്തിയായിരിക്കുന്നു.

തിരുശരീരം പഴയ ഗോവയിൽ ബൊംജേസു എന്ന പള്ളിയുടെ മദ്ബഹായുടെ അകത്തുള്ള ഒരു രഹസ്യക്കപ്പേളയിലാണു് സാധാരണയായി സൂക്ഷിക്കപ്പെടുന്നതു്. ൧൯൧൦-ൽ പ്രദർശിപ്പിച്ചപ്പോഴത്തേതിലെന്യേ കാലപ്പഴക്കത്തിൻെറ ചിഹ്നങ്ങൾ കൂടുതലായി ഇപ്പോൾ കാണപ്പെടുന്നുണ്ടു്. വൈദികവസ്ത്രങ്ങൾ ധരിച്ചിക്കയാൽ തലയും മുഖവും പാദങ്ങളും മാത്രമേ വെളിക്കു കാണപ്പെടുന്നുള്ളു. തലമുടി ഇനിയും കുറേയെല്ലാം നില്പുണ്ടെന്നാണു് തീർത്ഥയാത്രക്കാർ പറയുന്നതു്. മുഖം വെളുത്ത പൊടിപുരണ്ടപോലെ ഇരിക്കുന്നു. പാദങ്ങൾ സ്വല്പ തവിട്ടുനിറം കലർന്നും മയമില്ലാതെ ഉണങ്ങിയും കാണപ്പെടുന്നു. ഒരു പാദത്തിന്മേൽ ഉണങ്ങിയ തടിച്ച മാംസവും കാണുന്നുണ്ടു്. ശരീരത്തിനു ഏകദേശം ൨ കോൽ ൯ അംഗുലം പൊക്കമുണ്ടു്. വലത്തെ പാദത്തിൻെറ ൪-ാമത്തേയും ൫-ാമത്തേയും വിരലുകൾ കാണുന്നില്ല. അവ രണ്ടും മുൻ ചില പ്രദർശനാവസരങ്ങളിൽ തൃപ്പാദം മുത്തുന്നതിനായി വന്ന

രണ്ടു സ്ത്രീകൾ അമിത ക്തികൊണ്ടു കടിച്ചു കൈവശപ്പെടുത്തിയതായിട്ടാണ് സംസാരം. വലത്തെ കരം മാർപ്പാപ്പായുടെ കല്പനപ്രകാരം മുറിച്ചെടുത്തു റോമയിൽ ഈശോസഭക്കാരുടെ ജേസുദേവാലയത്തിൽ പൂജ്യമായി വണങ്ങപ്പെട്ടുവരുന്നു. ഇടത്തെ കൈ, വിരലുകളുടെ നഖങ്ങളുൾപ്പെടെ പൂർണ്ണമായിരിക്കുന്നു.

പ്രദർശനദിവസങ്ങളിൽ ഗോവയ്ക്കുള്ള തീക്കപ്പലുകളും തീബോട്ടുകളും തീവണ്ടികളും തീർത്ഥയാത്രക്കാരെക്കൊണ്ടു തിങ്ങിനിറഞ്ഞിരുന്നു. പല സ്ഥലങ്ങളിലും പ്രത്യേക തീവണ്ടിയും കപ്പലുകളും ഈ ആവശ്യം പ്രമാണിച്ചു ഏർപ്പാടു ചെയ്യുണ്ടായി. ഗോവയിലെ തെരുവുകൾ നാനാജാതിമതസ്ഥന്മാരെക്കൊണ്ടു നിബിഡമായിരുന്നു. എറണാകുളം, പുതുശ്ശേരി, ഹുഗ്ളി, അജ്മീർ, കൊച്ചി, മംഗലപുരം, ബോംബെ, മദ്രാസ് മുതലായ ഇന്ത്യയിലെ അനേക രൂപതകളിൽനിന്നു ക്രമീകരിക്കപ്പെട്ട തീർത്ഥയാത്രാസംഘങ്ങളും വന്നിരുന്നു. അറബിയാ, മലാക്കാ എന്ന സ്ഥലങ്ങളിൽനിന്നുള്ള വൈദികപ്രതിനിധികളും പ്രദർശനത്തിൽ സംബന്ധിക്കയുണ്ടായി. ബോംബെയിൽനിന്നുതന്നെ ഒരു ദിവസം അഞ്ചു കപ്പലുകൾ നിറച്ചു ആളുകൾ വന്നിരുന്നതായറിയുന്നു. ബോംജേസ് വളരെ വിസ്താരമുള്ള പള്ളിയാണ്. ൧൪ അൽത്താരകളിൽ അതികാലത്തെ തുടങ്ങി ഉച്ചതിരിഞ്ഞു ൧ മണിവരെ ഇടവിടാതെ കുർബാന ചൊല്ലിയിരുന്നിട്ടും പല പട്ടക്കാർക്കും ചൊല്ലാൻ സൌകര്യം കിട്ടാതെ കുർബാന മുടക്കേണ്ടതായി വന്നു. ഡിസംബർ ൨൫-ാംനു- കാലത്തു ൧൧ മണി ആയപ്പോഴേക്കും വിസ്താരമേറിയ ഈ പള്ളി ജനാവലിയെക്കൊണ്ടു തിങ്ങിനിറഞ്ഞു കഴിഞ്ഞു. തിക്കൽ നിമിത്തം ഇരിക്കാനോ മുട്ടുകുത്താനോ നിവൃത്തിയില്ലാതെ, ജനക്കൂട്ടത്തിന്റെ ഒരു വലിയ ഭാഗവും കാലത്തു ൬ മണി മുതൽ ഉച്ച തിരിഞ്ഞു ൨ മണിവരെ നിന്നുതന്നെ കഴിച്ചുകൂട്ടിയെന്നുള്ള ഏകസംഗതിയിൽ നിന്നുതന്നെ ആ ജനത്തിന്റെ സഹനശീലവും ക്ഷമയും പുണ്യവാനോടുള്ള ഭക്തിയും വണക്കവും ഏതാണ്ടു ഊഹിക്കാവുന്നതാണ്.

ബോംജേസു പള്ളിയിൽനിന്നു ഉദ്ദേശം നാലുകോൽ അകലത്തിൽ ഗോവാപാത്രിയർക്കീസിന്റെ ഒരു ഭദ്രാസനപ്പള്ളി സ്ഥിതിചെയ്യുന്നുണ്ട്. വൈദികരും വിവിധസഖ്യതാംഗങ്ങളും ചേർന്ന് ഒരു പ്രദക്ഷിണം ടി. പള്ളിയിൽനിന്നു പുറപ്പെട്ടു പുണ്യവാന്റെ ശരീരം ഇരിക്കുന്ന ബോംജേസു പള്ളിയിൽ പ്രവേശിച്ചു. അനന്തരം വൈദികരും വൈസ്രോയി അവർകളും മറ്റു ഉദ്യോഗസ്ഥവൃന്ദങ്ങളും മദ്ബഹായിലേക്കു കയറി അവിടെനിന്നു രഹസ്യകപ്പേളയിൽ പ്രവേശിച്ചു തിരുശരീരം എടുത്തുംകൊണ്ടു പള്ളിയിലേക്കു മടങ്ങിവന്നു. ഗോവാ പാത്രിയർക്കീസ്, ത്രിങ്കോമാലി, കൊച്ചി, ദാമവുൺ, മൈസൂർ എന്ന രൂപതകളുടെ മെത്രാന്മാർ, വിശാഖപട്ടണം രൂപതയുടെ സഹായമെത്രാൻ എന്നിങ്ങനെ ആറു പുരോഹിതശ്രേഷ്ഠന്മാർ തിരുശരീരം വഹിച്ചും ദലഗാദപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടും വൈസ്രോയി അവർകളും മറ്റു ഉദ്യോഗസ്ഥന്മാരും അവരെ അനുഗമിച്ചുമാണ് അവർ പള്ളിയിലേക്കു മടങ്ങി വന്നത്. പള്ളിയുടെ പാർശ്വഭാഗത്തു വലിയ ഒരു മേൽക്കെട്ടിയുടെ താഴെ ഒരു മാർബിൾ പ്ലാറ്റുഫാറത്തിന്മേൽ ഒരു വെള്ളിപ്പെട്ടിയിൽ മെത്രാന്മാർ ആ തിരുശരീരം വിശ്വാസികളുടെ വണക്കത്തിന്നായി സ്ഥാപിച്ചു.

അനന്തരം (കാലത്തു ൧൦ മണിക്കു) അ. ഉ. ദലഗാദപ്പൊസ്തോലിക്കാ തിരുമനസ്സുകൊണ്ട് പൊൻറിഫിക്കാൾ പാട്ടുകയും സുവിശേഷത്തിന്റെ ശേഷം റഷോൾ സെമിനാരിയുടെ റെക്ടർ ഒരുപ്രസംഗം പറയുകയുംചെയ്തു. പൊൻറിഫിക്കാൾ കഴിഞ്ഞപ്പോൾ മണി ൧൨൬ ആയി. അനന്തരം മെത്രാന്മാരും വൈദികരും ക്രമപ്രകാരം തൃപ്പാദം മുത്തി. അവരെ അനുഗമിച്ചു റഷോൾ സെമിനാരിയിലെ പലശതം വൈദികവിദ്യാർത്ഥികൾ പാദം ചുംബിച്ചു. പതിനായിരത്തിൽപരം ജനങ്ങൾ ദിവസേന തൃപ്പാദം ചുംബിച്ചിരുന്നു. ദിവസംപ്രതി എട്ടുമണിക്കൂറു നേ

രത്തെക്കൊണ്ട് പ്രദക്ഷിണം നടത്തിയിരുന്നത്.

ഡിസംബർ ൬-ാംനു മലങ്കര ശ്ലൈഹികസ്ഥാനികൾ തിരുമനസ്സുകൊണ്ടും ഗോവാ പാത്രിയർക്കീസു അവർകളും ൬ മെത്രാന്മാരും ൩൦ വൈദികരും ചേർന്നുള്ള ഒരു പടം എടുക്കയും ൧൩- വൈസ്രോയി അവർകൾ വൈദികാദ്ധ്യക്ഷന്മാൎക്കു ഒരു ഉദ്യാനവിരുന്നു നൽകുകയും ചെയ്തു. ഈ അവസരത്തിൽ പോർട്ടുഗീസ് ഗവർമ്മേൻറു വൈദികാധികാരികൾക്കു വേണ്ട ഒത്താശകൾ ചെയ്തുകൊടുത്തുവെന്നുള്ളതും പഴയ ഗോവയിലെ റോഡുകളും കെട്ടിടങ്ങളും നന്നാക്കുന്നതിന്നു വളരെ പണം വ്യയം ചെയ്തുവെന്നുള്ളതും പ്രസ്താവ്യമാണ്. മെത്രാന്മാരുടെയും മററും യാത്രാസൌകൎയ്യത്തെ ഉദ്ദേശിച്ചു വൈസ്രോയി അവർകൾ തൻെറ മോട്ടോർകാറുകൾ പാത്രിയർക്കീസു അവർകൾക്കു വിട്ടുകൊടുത്തുവെന്നുള്ളതും പ്രത്യേകം എടുത്തു പറയേണ്ടതായുണ്ട്.

ഈ പ്രദക്ഷിണംസംബന്ധിച്ചു നടന്ന പല അത്ഭുതസംഭവങ്ങളിൽ ചിലതുകൂടെയും എടുത്തു പറഞ്ഞു ഈ വിവരണം അവസാനിപ്പിച്ചേക്കാം.

൧. മദ്രാസുഗവർമ്മേൻറുപോസ്റ്റ്മാസ്റ്റർജനറൽ ആയിരുന്ന മിസ്റ്റർ ലെയിൽറെയിൻഅവർകളുടെ ഒരു സഹോദരൻെറ ഒടിഞ്ഞു തീരെ ഉപയോഗശൂന്യമായിരുന്ന ഒരു കൈ തീൎത്ഥയാത്രയ്ക്കുശേഷം പൂൎണ്ണമായി സുഖപ്പെട്ടിട്ടുള്ള വിവരം മൈലാപ്പൂർ വികാരിജനറാൾ അവർകൾ കത്തോലിക്കമഹാജനസഭാ സെക്രട്ടറിയെ അറിയിച്ചിരിക്കുന്നു.

൨. ബോംബയിൽനിന്നും ഒരു പാർസി അന്ധയായ തൻെറ പെൺകുട്ടിക്കു കാഴ്ച ലഭിക്കുന്നപക്ഷം അവളെ കത്തോലിക്കമതം സ്വീകരിക്കുന്നതിന്നു അനുവദിക്കുന്നതാണെന്നുള്ള പ്രതിജ്ഞയോടെ ഗോവയിൽ ചെന്നിരുന്നു. തൃപ്പാദചുംബനത്തിൻെറ ഫലമായി കുട്ടിക്കു നല്ല കാഴ്ചയുണ്ടായി. ഇതിൽവച്ചു സന്തോഷചിത്തരായ കുടുംബാംഗങ്ങൾ മർമ്മഗോവയിലെ സാധുജനങ്ങൾക്കു ഒട്ടുവളരെ പണം ദാനം ചെയ്കകൂടി ഉണ്ടായി. എന്നുവരികിലും ഇതെല്ലാം കഴിഞ്ഞപ്പോൾ, കാഴ്ച കിട്ടിപ്പോയി ഇനി മതം മാറേണ്ട ആവശ്യവും മററുമില്ലെന്നായിരുന്നു കുട്ടിയുടെ പിതാവു പ്രസ്താവിച്ചത്. തൽക്ഷണം കുട്ടിയുടെ കാഴ്ചപോകയും അവൾ മുമ്പിലത്തെപ്പോലെ അന്ധയായിതീരുകയും ചെയ്തു. മാതാപിതാക്കന്മാർ തീവണ്ടിയാപ്പീസിൽ നിലവിളിച്ചുകൊണ്ടു നിൽക്കുന്നതിനെ കണ്ടതായി മിസ്റ്റർ ലെയിൽറെയിൻതന്നെ പ്രസ്താവിച്ചിരിക്കുന്നു.

൩. യാതൊരുവിധത്തിലും നടക്കാൻ വഹിയാത്ത ഒരുവനെ തൃപ്പാദം ചുംബിക്കുന്നതിന്നായി രണ്ടുപേർ കൂടി എടുത്തു പള്ളിയകത്തു കൊണ്ടുചെന്നു. എന്നാൽ ഒരുവനെ എടുത്ത് അപ്രകാരം ചെയ്യിക്കാനുണ്ടായ വിഷമംകൊണ്ടു മൈലാപ്പൂർ വികാരിയായ റവ. ഫാദർ ഫെർണാണ്ടസ് വിശുദ്ധൻെറ മേലങ്കി അവൻെറമേൽ സ്വല്പനേരം ഇടുകയാണു ചെയ്തത്. അനന്തരം എല്ലാവരും കൈവിട്ടപ്പോൾ അവൻ താഴെ വീണുപോയി. എന്നാൽ അവിടെ കൂടിയിരുന്നവരെ അത്ഭുതപരതന്ത്രരാക്കിത്തീൎക്കുമാറു തൽക്ഷണം അയ്യാൾ അവിടെനിന്നെഴുന്നേററു യാതൊരുവൻെറയും സഹായംകൂടാതെ നടന്നു വെളിയിലേക്കു പോകയുമുണ്ടായി. ഭൂതക്കൂടി കത്തോലിക്കാ ഇൻഡ്യൻ അസോസിയേഷൻെറ സെക്രട്ടറി അവർകൾ ഈ സംഭവത്തിൻെറ ദൃക്സാക്ഷിയാണ്.

ഒടുവിലത്തെ വിധിക്കു ശരീരങ്ങളെല്ലാം അക്ഷയമായി ഉയിൎത്തുവരുമെന്നതിൻെറ ഒരു സാദൃശ്യവും അച്ചാരവുമെന്നപോലെ ഇഹത്തിൽവച്ചുതന്നെ പുണ്യവാന്മാരുടെ ശരീരങ്ങളെ അക്ഷയമായി കാക്കുന്ന ദൈവവല്ലഭം വാഴ്ത്തപ്പെട്ടതാകട്ടെ.

ഫാദർ സിൽവെസ്റ്റർ സി. ഡി.

---

മനുഷ്യൻെറ നന്മ മുഴുവൻ ദൈവത്തെ സ്നേഹിക്കുന്നതാണെങ്കിൽ, അവൻെറ തിന്മ സമസ്തവും തന്നെത്തന്നെ സ്നേഹിക്കുന്നതിൽ അടങ്ങിയിരിക്കുന്നു. (വി. അഗുസ്തീനോസ്.)

വിജ്ഞാനത്തിൻെറ ആരംഭം ദൈവഭയമാകുന്നു. ഭോഷന്മാർ ജ്ഞാനത്തേയും പ്രബോധനത്തേയും തിരസ്കരിക്കുന്നു. (സുഭാഷി. 1. 1.)

# ആപത്തിൽപെട്ട യാത്രക്കാരൻ

നേരം സന്ധ്യയായി. സിംഹവ്യാഘ്രാദി മൃഗങ്ങളാൽ നിറയപ്പെട്ട ഒരു ഘോരാരണ്യത്തിൽക്കൂടി യാത്രതുടരുന്നതിനായി ഒരു വഴിയാത്രക്കാരൻ ഏകനായി അതിന്റെ താഴ്വരയിൽ വന്നുചേൎന്നു. അസമയമായതുകൊണ്ടു ആ വനത്തിലൂടെപ്രയാണംചെയ്യുന്നതിനോ പിറകോട്ടുതന്നെ തിരിച്ചു മടങ്ങുന്നതിനോ നിവൃത്തിയില്ലാതെ അയാൾ നന്നാ പരിഭ്രമിച്ചുകൊണ്ടു നില്ക്കുമ്പോൾ വയോവൃദ്ധനായ ഒരു ഇടയനെ കണ്ടുമുട്ടി. തനിക്കു പോകേണ്ട മാൎഗ്ഗങ്ങളെപ്പററി അയാളോടു ചോദിച്ചു. അതിനുത്തരമായി ആ വൃദ്ധൻ "അയ്യോ! കാൎയ്യം മഹാ പ്രയാസമാണ്!! ഏകദേശം ഒരു നൂറു വഴികളാൽ ചുററപ്പെട്ടിരിക്കുന്ന ഈ മഹാരണ്യത്തിൽക്കൂടി നിങ്ങളുടെ സ്വദേശത്തു ചെന്നുചേരുന്നതിനു് ഏകവഴിമാത്രമേയുള്ളു. മററുള്ള വഴികളെല്ലാംതന്നെ മഹാ ദുൎഘടവും, ക്രൂരസൎപ്പങ്ങളാലും ദുഷ്ടമൃഗങ്ങളാലും വനാന്തര മോഷ്ടാക്കളാലും നിറയപ്പെട്ടതുമാണ്. ദിവസേനയെന്നപോലെ അനേകം ആളുകൾ വഴിതെററി ദുഷ്ടമൃഗങ്ങൾക്കു ഇരയാകുന്നുണ്ട്. ഇപ്രകാരമുള്ള വഴിയാത്രക്കാരുടെ രക്ഷയ്ക്കും സഹായത്തിനും മാത്രമായിട്ടാണ് ഈയുള്ളവൻ ഇവിടെ വാസമുറപ്പിച്ചിരിക്കുന്നതു്. എന്റെ ഈ സൽകൃത്യങ്ങളിൽ എന്നെ സഹായിക്കുന്നതിനായി എന്റെ പ്രിയ പുത്രന്മാരെയും ഈ മഹാവനത്തിൽ അങ്ങുമിങ്ങുമായി താമസിപ്പിച്ചിട്ടുണ്ട്. നിങ്ങൾക്കു സന്തോഷമെങ്കിൽ സഹായം ചെയ്വാൻ ഞാൻ എന്നേരവും സന്നദ്ധൻ തന്നേ!"

സൌമ്യനായ ഈ വയോവൃദ്ധന്റെ പുത്രനിൎവിശേഷവും, അനുകമ്പാപൂരിതവുമായ സ്നേഹവൎത്തമാനത്തെ കേട്ടു് വിശ്വസിച്ചു് പാന്ഥൻ ആ ഇടയന്റെ പിന്നാലെ നടന്നുതുടങ്ങി. വൃദ്ധൻ തന്റെ ഒരു കയ്യിൽ ഒരു വിളക്കും മറേറതിൽ യാത്രക്കാരന്റെ കൈയ്യും പിടിച്ചുകൊണ്ടു കുറേ ദൂരംപോയി. അപ്പോൾ യാത്രക്കാരനു ക്ഷീണം അതികലശലായിത്തീൎന്നു. പിന്നീടു ഒരു അടിപോലും മുന്നോട്ടുവയ്ക്കുന്നതിനു് അവനു ശേഷിയില്ലാതായി. എന്നാൽ ഇതിലൊന്നിലും അശേഷം കൂസൽവിചാരിക്കാതെ ആ നല്ല വൃദ്ധൻ അവനെ താങ്ങി എടുത്തുംകൊണ്ടു യാത്രതുടൎന്നു. കുറേ കഴിഞ്ഞപ്പോൾ വിളക്കിലെ എണ്ണ തീൎന്നുപോയതുകാരണം വിളക്കു മങ്ങിത്തുടങ്ങി. കൂരിരുട്ടും മഹാ കഠിനംതന്നെ!! യാത്രക്കാരൻ ഭയവിഹ്വലനായി, വാവിട്ടു കരയാൻതുടങ്ങി. വൃദ്ധൻ— "കുഞ്ഞേ! നീ!! ഭയപ്പെടണ്ടാ, ധൈൎയ്യമായിരിക്കുക, ഇവിടെ ആ അടുത്തുകാണുന്നതു് എന്റെ പുത്രന്റെ വാസസ്ഥലമാണ്. അവിടെ നമുക്കു വേഗത്തിൽ ചെന്നുചേരാം" എന്നു സമാധാനോക്തികൾ പറഞ്ഞാശ്വസിപ്പിച്ചിട്ടു വേഗത്തിൽ നടന്ന് മകന്റെ കുടിലിൽ ചെന്നുചേൎന്നു.

യാത്രക്കാരനെ വേണ്ടവിധത്തിൽ സൽക്കരിച്ചു് തൃപ്തിയായി ഭക്ഷണവും കൊടുത്തു അല്പനേരംവിശ്രമിച്ചു് ആ ഇടയച്ചെറുക്കന്റെ സഹായത്തോടുകൂടി വീണ്ടും യാത്ര ആരംഭിച്ചു. ഇപ്രകാരം യാതൊരു ആപത്തും സംഭവിക്കാതെ സൂൎയ്യോദയത്തോടുകൂടി ആ ഘോരാരണ്യത്തിന്റെ അതിൎത്തിയിൽ ചെന്നുചേൎന്നു. അനന്തരം ആ ഇടയൻ അത്യഗാധമായ ഒരു സ്ഥലത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് "അല്ലയോ യാത്രക്കാരാ!! ആ കാണുന്നതു എന്താണെന്നു നോക്കുക! എത്രയൊ ആയിരം ആളുകളുടെ അസ്ഥിക്കൂടങ്ങൾ കിടക്കുന്നു. ഞങ്ങളുടെ സഹായത്തേയും, ഉപദേശങ്ങളേയും ധിക്കരിച്ചു് തന്നിഷ്ടമായി യാത്രകഴിച്ചു് മോഷ്ടാക്കളുടെ പക്കൽ അകപ്പെട്ടിട്ടുള്ളവരുടെ അസ്ഥിക്കൂടങ്ങൾ തന്നെയാണു ആ കിടക്കുന്നതു്. ഇനി നീ ധൈൎയ്യമായിരിക്ക! അതാ! ആ കാണുന്ന മനോഹരമായ സ്ഥലമാണു നിന്റെ സ്വദേശം" എന്നു പറഞ്ഞുകൊ

ണ്ടു ആ യാത്രക്കാരനെ പിടിച്ച് ആലിംഗനംചെയ്തു പറഞ്ഞയച്ചു. ആ വഴിപോക്കൻ കൃതജ്ഞതാ പരവശനായി, സന്തോഷപൂരിതനായി, ധാർമ്മികനായ ആ നല്ല ഇടയനു നന്ദിപറഞ്ഞ്, അദ്ദേഹത്തെ ഒരിക്കലും മറക്കുന്നതല്ലെന്നു വാഗ്ദാനവും ചെയ്ത് സസുഖം സ്വദേശത്തു ചെന്നുചേരുകയും ചെയ്തു.

അല്ലയോ പ്രിയ വായനക്കാരേ!! ഈ ഉപമയിൽക്കാണുന്ന ഇടയൻ നമുക്കു സുപരിചിതനായ നമ്മുടെ ദിവ്യരക്ഷനാഥനും, ഇടയന്റെ പുത്രന്മാർ നമ്മുടെ സഭാദ്ധ്യക്ഷന്മാരും, ആ ഘോരാരണ്യം ഈ ലോകവും, സ്വദേശം മോക്ഷവും ആകുന്നു. ആ യാത്രക്കാരൻ നാം ഓരോരുത്തരും, ഏക നൽവഴി സത്യതിരുസഭയുമാണ്. ആ ഭയങ്കരവനത്തിന്റെ അതിർത്തി മരണവും, അത്യഗാധമായ സ്ഥലം നരകവും ആകുന്നു. ഇടയന്റെ വിളക്കു വിശ്വാസദീപവും, എണ്ണ ദൈവവരപ്രസാദവും, ഭക്ഷണസാധനം ദിവ്യകൂദാശകളും, ഘോരസർപ്പം പിശാചും, ദുഷ്ടമൃഗങ്ങൾ, വനമോഷ്ടാക്കൾ ഇവ വിഷയാസക്തിയും കള്ളോപദേശികളും ആകുന്നു എന്നു വിശദമാണല്ലോ.

തോമ്മസ് വള്ളോന്തറ, കൈനകരി.

# ‘റോമ്മാസഭ’യിൽ മാത്രം രക്ഷയോ?

കത്തോലിക്കാ സഭയോടും അതിന്റെ അംഗങ്ങളോടും ഇതര ക്രിസ്തീയവകുപ്പുകാരിൽ പലരും എല്ലായ്പ്പോഴും മനഃപൂർവ്വമായ ദ്വേഷവും വൈരാഗ്യവും പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നതു നാം കാണുന്നു. ലോകത്തിൽ ഇപ്പോൾ അനേകം പാഷണ്ഡസഭകൾ ഉണ്ടല്ലോ. ഈ സഭകളിൽ പലതും ഒന്നിനു മറ്റൊന്നിനോടു യാതൊരു സംബന്ധവും കൂടാതെയാണ് നിൽക്കുന്നത്. എങ്കിലും കത്തോലിക്കാ സഭയെ വെറുക്കുകയും ദ്വേഷിക്കുകയും ചെയ്യുന്നതിൽ ഇവയെല്ലാം ഏകാഭിപ്രായത്തെയാണ് സ്വീകരിച്ചിരിക്കുന്നത്. കത്തോലിക്കാ സഭയോടു ഇതരസഭക്കാർക്കു പ്രധാനമായി നീരസത്തിനും ദ്വേഷത്തിനും ഉള്ള ഹേതു ഇതരസഭകളിൽ ഒന്നിനേപ്പോലും കത്തോലിക്കാസഭ സാക്ഷാൽ ക്രിസ്തീയസഭയായി അംഗീകരിക്കാത്തതും ആ സഭകളിൽ രക്ഷയുണ്ടെന്നു സംവദിക്കാത്തതും അത്രെ. മറ്റു സഭകളും മിശിഹായുടെ സത്യസഭയുടെ ഭാഗങ്ങളാകുന്നുവെന്നും “ക്രീസ്തുവിൽ വിശ്വസിച്ചുകൊണ്ടു ഏതു സഭയിൽ നിന്നാലും രക്ഷയുണ്ടെന്നും” രക്ഷയുടെ കാര്യത്തിൽ ഒരു സഭയും മറ്റൊരു സഭയും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ലെന്നും സംവദിക്കുന്നപക്ഷം കത്തോലിക്കാസഭയുടെനേരെ ഇതരവകുപ്പുകാർക്കുള്ള വൈരാഗ്യവും ദ്വേഷവും നിശ്ശേഷം നീങ്ങിപ്പോകുന്നതാണ്. എന്നാൽ കത്തോലിക്കാസഭ ഇതരസഭകളിൽ ഒന്നിനേയും അംഗീകരിക്കുന്നില്ലെന്നു മാത്രമല്ലാ, ആ സഭകളെല്ലാം ക്രീസ്തുവിന്റെ സത്യസഭയ്ക്കു വിരുദ്ധമായി മനുഷ്യരാൽ സ്ഥാപിക്കപ്പെട്ട പാഷണ്ഡസഭകളാണെന്ന് തുറന്നു പ്രസ്താവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. കത്തോലിക്കാസഭയ്ക്കു പുറമെ വേറെ ഒരു സഭയ്ക്കും ക്രീസ്തുവിന്റെ സഭ എന്നു പറഞ്ഞു നിൽക്കാനു അർഹതയില്ലെന്ന് ഈ സഭ എല്ലായ്പ്പോഴും പ്രബലമായി വാദിച്ചുകൊണ്ടിരിക്കുന്നു. ഇതരസഭകളിൽ ഓരോന്നിന്റേയും അവകാശവാദങ്ങളെപ്പറ്റി നിരൂപണം ചെയ്യുന്നപക്ഷം, അവയുടെ വാദങ്ങൾ എത്രയോ വിലയില്ലാത്തവയാണെന്നും അവയ്ക്കു ക്രൈസ്തവലോകത്തിൽ ഓരോ പ്രത്യേക സഭകൾ എന്നുള്ള ഭാവത്തിൽ കാണപ്പെടാൻ ഒട്ടും തന്നെ അർഹതയില്ലാത്തതാണെന്നും നിസ്സംശയമായി തെളിയുന്നതാണ്.

ഇപ്പോൾ ഉള്ള അസംഖ്യ പാഷണ്ഡസഭകളിൽ ഒന്നുംതന്നെ ക്രീസ്തുസ്ഥാപിച്ച സഭയല്ലാത്തതിനാൽ ആ സഭകളിൽ ഒന്നിലും രക്ഷയില്ലാ എന്ന് കത്തോലിക്കാ സഭ ധൈര്യസമേതം പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. അകത്തോലിക്കർ ഏവരും രക്ഷയുടെ കാര്യത്തിൽ അതിവിസ്തൃതമായ ഒരു വഴി തുറന്നുകൊടുക്കുന്നു. "ക്രീസ്തുവിൽ വിശ്വസിച്ചാൽ മാത്രം മതി; പിന്നെ ഏതു സഭയിലായാലും തരക്കേടില്ല; നമുക്കു രക്ഷയുണ്ടാകും" എന്നാണ് കത്തോലിക്കാ സഭക്കു പുറമെയുള്ള "സഭക്കാർ" ഏവരും ഉൽഘോഷിച്ചുകൊണ്ടിരിക്കുന്നത്. ഈ ന്യായത്തെ അടിസ്ഥാനമാക്കി കത്തോലിക്കാസഭയിൽ രക്ഷയുണ്ടെന്നു അകത്തോലിക്കർ സംവദിക്കേണ്ടിവരുന്നു. എന്തെന്നാൽ കത്തോലിക്കർ ക്രീസ്തുവിൽവിശ്വസിക്കുന്നവരാണെന്നുള്ളതിന്നു സംശയമില്ലല്ലോ. ക്രിസ്തു ദൈവമാണെന്നുമാത്രം വിശ്വസിച്ചുകൊണ്ടു ആർക്കും രക്ഷ പ്രാപിക്കാമെന്നാണ് അകത്തോലിക്കരുടെവാദം. എന്നാൽ രക്ഷ പ്രാപിക്കുന്നതിന്നു ക്രിസ്തു ദൈവമാണെന്നു വിശ്വസിക്കുന്നതിനുപുറമെ, താൻ വെളിപ്പെടുത്തിയ എല്ലാ സത്യങ്ങളും വിശ്വസിക്കേണമെന്നും ക്രീസ്തുവിൻ്റെ സകല കല്പനകളേയും അനുസരിക്കണമെന്നും കത്തോലിക്കാസഭ പഠിപ്പിക്കുന്നു. ക്രിസ്തുവിൻ്റെ സത്യസഭയിൽ എല്ലാവരും ചേർന്നുകൊള്ളണമെന്നും ആ സഭക്കു കീഴ്പ്പെട്ടിരിക്കണമെന്നും ഉള്ളത് അവിടുത്തെ ഗൌരവാവഹമായ ഒരു ആജ്ഞയാകുന്നു. എന്നാൽ അകത്തോലിക്കർ എല്ലാവരും സത്യസഭയിൽ പ്രവേശിക്കാതെയും ആ സഭയുടെ ആജ്ഞകൾ അനുസരിക്കാതെയും ഇരിക്കുന്നു. മാത്രമല്ലാ, അവർ ക്രീസ്തു വെളിപ്പെടുത്തിയ സത്യങ്ങളിൽ പലതിനേയും നിഷേധിക്കുന്നു. ക്രീസ്തുവിനാൽ വെളിപ്പെടുത്തപ്പെട്ട സത്യങ്ങളിൽ ഏതെങ്കിലും ഒന്നിനെ നിഷേധിക്കുന്നത് മുഴുവൻ നിഷേധിക്കുന്നതിന്നു തുല്യമാകുന്നു. വിശ്വാസസത്യങ്ങളെ നിഷേധിക്കുന്നതുകൂടാതെ രക്ഷക്കുപയുക്തമായി ക്രീസ്തു നമുക്കു കല്പിച്ചുതന്നിട്ടുള്ള വിശുദ്ധീകരണമാർഗ്ഗങ്ങളിൽ പലതിനേയും അകത്തോലിക്കർ ഉപയോഗപ്പെടുത്തുന്നമില്ലാ. അതുകൊണ്ട് കത്തോലിക്കാ സഭക്കു പുറമേയുള്ള സഭകളിൽ രക്ഷയില്ലാ എന്നു കത്തോലിക്കാസഭ പറയുന്നു.

ഇപ്പോൾ ലോകത്തിൽ ഉള്ള അനേകം സഭകളുടെ കൂട്ടത്തിൽ സത്യമായിട്ടുള്ള സഭ ഒന്നുമാത്രമേ ഉള്ളുവെന്നതിനു സംശയമല്ലാ. ക്രിസ്തു ഒരു സഭമാത്രമേ സ്ഥാപിച്ചിട്ടുള്ളുവെന്നു ക്രിസ്ത്യാനികളുടെ കൂട്ടത്തിൽ അധികംപേരും വിശ്വസിക്കുന്നു. "കത്തോലിക്കാ ആയതും ശ്ലീഹാക്കടുത്തതും ആയ ഏക വിശുദ്ധസഭയിൽ ഞങ്ങൾ വിശ്വസിക്കുന്നു" എന്ന നിഖ്യാസൂനഹദോസിൻ്റെ വിശ്വാസപ്രമാണം ക്രിസ്ത്യാനികളിൽ മിക്കവരും ചൊല്ലിവരുന്നുണ്ട്. ആയതുകൊണ്ടു സത്യമായിട്ടുള്ള സഭ ഒന്നുമാത്രമേ ഉള്ളുവെന്നു നാം സംവദിക്കേണ്ടിവരുന്നു. ക്രിസ്തുവിൻ്റെ സഭ ഒന്നുമാത്രമേ ഉള്ളുവെങ്കിൽ ഇപ്പോൾ ലോകത്തിൽ ഉള്ള അനേകം സഭകളുടെ കൂട്ടത്തിൽ ഒരു സഭ ഒഴികെ ശേഷം എല്ലാ സഭകളും പാഷണ്ഡസഭകളായിരിക്കാനേ നിവൃത്തിയുള്ളൂ. ക്രീസ്തുവിൻ്റെ ഏകമായിട്ടുള്ളതും പരിശുദ്ധമായിട്ടുള്ളതും ശ്ലീഹാക്കടുത്തതും കത്തോലിക്കായുംആയസത്യസഭയും, ശേഷം പാഷണ്ഡസഭകളും ഒരുപോലെ നല്ലവയും രക്ഷക്കടുത്തവയും ആണെന്നു പറയാമോ? സത്യമായിട്ടുള്ള വിശ്വാസം കൊണ്ടല്ലാതെ അസത്യത്തെ വിശ്വസിച്ചുകൊണ്ടു യാതൊരുത്തനും ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിവുള്ളതല്ലാ. കത്തോലിക്കാസഭയും ശേഷം പാഷണ്ഡസഭകളും ഒരുപോലെ നല്ലവയും രക്ഷാകരവും ആണെന്നു വല്ലവരും പറയുന്നുവെങ്കിൽ അതു സത്യവും അസത്യവും ഒരുപോലെ നല്ലതാണെന്നും ദൈവം സത്യത്തേയും അസത്യത്തേയും ഒരുപോലെ സ്നേഹിക്കുന്നുവെന്നും പറയുന്നതിന്നു തുല്യമാകുന്നു. ഇങ്ങിനെ ആരെങ്കിലും പറയുന്നുവെങ്കിൽ അതു ഒരു വലിയ ദൈവദൂഷണമായി മാത്രം ഗണിക്കപ്പെടേണ്ടതാകുന്നു. ക്രീസ്തുവിൻ്റെ സത്യസഭയാണെന്നു വിശ്വസിക്കുന്ന ഏതു സഭയും അതിന്നു വിപരീതമായിട്ടുള്ള ഒരു സഭയെ അംഗീകരിക്കയോ അതിൽ രക്ഷയുണ്ടെന്നു സംവദിക്കയോ ചെയ്യുകയില്ലാ. മററു സഭക

ൾക്കൂടെയും നല്ലവയാണെന്നും അവയിൽ രക്ഷയുണ്ടെന്നും സ്വയമേ സമ്മതിക്കുന്ന സഭ ഏതോ, ആ സഭ അതിനാൽ തന്നെ ക്രീസ്തുവിന്റെ സത്യസഭ അല്ലെന്നു ഏറ്റുപറകയാണു് ചെയ്യുന്നതു്. കത്തോലിക്കാസഭ മാത്രമാണു് ക്രീസ്തുവിന്റെ സത്യമായിട്ടുള്ള സഭയെന്നു അവൾ ദൃഢമായി വിശ്വസിക്കുന്നു. അതിനാൽ ശേഷം സഭകളിൽ ഒന്നിനേയും അവൾ സഹിക്കുന്നില്ല. എന്നാൽ കത്തോലിക്കരല്ലാത്ത ഇതരസഭക്കാർ ഏവരും ശേഷം എല്ലാ സഭകളിലും ഒരുപോലെ രക്ഷയുണ്ടെന്നു പറയുന്നു. ഇതുകൊണ്ടു ആ സഭകളിൽ ഒന്നുംതന്നെ ക്രീസ്തുവിന്റെ സത്യസഭ അല്ലെന്നു തെളിയുന്നു.

ഈ സംഗതിയിൽ കത്തോലിക്കാസഭയുടെ വാദം അത്യന്തം യുക്തിയുക്തമായ ഒന്നാണെന്നു ഗ്രഹിക്കാൻ ആൎക്കും പ്രയാസമുള്ള കാൎയ്യമല്ല തന്നെ. എല്ലാ സഭകളിലും ഒരുപോലെ രക്ഷയുണ്ടെങ്കിൽ ക്രീസ്തു ഒരു സഭയെ പ്രത്യേകമായി സ്ഥാപിക്കേണ്ട ആവശ്യമില്ലായിരുന്നു. എല്ലാവരും ആ സഭയിൽ ചേൎന്നുകൊള്ളണമെന്നു അതിനിഷ്കൃഷ്ടയായി ആജ്ഞാപിച്ചതുതന്നെ അബദ്ധമായിപ്പോയി. എല്ലാ സഭകളിലും രക്ഷയുണ്ടെങ്കിൽ ക്രീസ്തു വെളിപ്പെടുത്തിയ സത്യങ്ങൾ എല്ലാം വിശ്വസിച്ചേ കഴിയൂ എന്നു നിൎബന്ധമില്ലാതെ വരുന്നു; ദൈവവെളിപാടിൽനിന്നു നമുക്കു ഇഷ്ടമുള്ളവയെ സ്വീകരിക്കയും ഇഷ്ടമില്ലാത്തവയെ തിരസ്കരിക്കയും ചെയ്യാം. ഇങ്ങിനെ ഒരു തത്വത്തെ അവലംബിക്കുന്നപക്ഷം ക്രീസ്തുമതംതന്നെ കാലക്രമേണ നാമാവശേഷമായിത്തീരുന്നതാണു്. ക്രീസ്തുമതത്തിന്റെ സൎവ്വപ്രധാനമായ മൂലതത്വങ്ങളെ നിഷേധിക്കുന്നവർപോലും ഇപ്പോൾ ക്രിസ്ത്യാനികളുടെ കൂട്ടത്തിൽ ഉണ്ടു്. ഉദാഹരണമായി ക്രീസ്തു ദൈവമല്ലാ എന്നു് ഇപ്പോൾ ഒരുകൂട്ടം പ്രൊട്ടസ്റ്റന്റുകാർ വാദിച്ചുതുടങ്ങിയിരിക്കുന്നു. എല്ലാ സഭകളിലും രക്ഷയുണ്ടെങ്കിൽ ക്രീസ്തു ദൈവമല്ലെന്നു വിശ്വസിക്കുന്നവൎക്കും രക്ഷയില്ലെന്നു പറയാമോ? ഇനി ഒരുകൂട്ടം ക്രിസ്ത്യാനികൾ പരിശുദ്ധ ത്രീത്വത്തെ നിഷേധിക്കുയും ജ്ഞാനസ്നാനം ആവശ്യമില്ലെന്നു പറകയും ചെയ്താൽ അവരെയും രക്ഷപ്രാപിക്കുന്നവരുടെ ഗണത്തിൽനിന്നും മാറ്റിനിറുത്താൻ പാടില്ലാതെവരുന്നു. അതിനാൽ എല്ലാ സഭകളിലും രക്ഷയുണ്ടെന്നുള്ള വാദം എത്രയോ അനൎത്ഥഹേതുകമാണെന്നു തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു.

ക്രീസ്തുമതം രക്ഷാകരമായ ഒരുമതമാണെന്നുള്ളതിന്നു സംശയമില്ലാ. എന്നാൽ ആ മതത്തെ അതിന്റെ പരിപൂൎണ്ണമായ രീതിയിൽ സ്വീകരിക്കാതെ, അതിൽനിന്നും ഒന്നോ രണ്ടോ സംഗതികൾമാത്രം എടുക്കയും ശേഷമുള്ളവയെ ഉപയോഗശൂന്യമായി തള്ളിക്കളകയും ചെയ്യുന്നവൎക്കു രക്ഷയുണ്ടാകയില്ലെന്നാണു് കത്തോലിക്കാസഭയുടെ സിദ്ധാന്തം. രക്ഷപ്രാപിക്കുന്നതിന്നു ആഗ്രഹിക്കുന്നവരെവരും ക്രീസ്തുമതത്തെ അതിന്റെ പരിപൂൎണ്ണമായ രീതിയിൽ സ്വീകരിക്കണം. യഥാൎത്ഥമായും പരിപൂൎണ്ണമായും ഉള്ള ക്രീസ്തുമതം കത്തോലിക്കാസഭയാകുന്നു. ആയതുകൊണ്ടു കത്തോലിക്കാസഭയെ രക്ഷാകരമായ ഏകമാൎഗ്ഗമായി എല്ലാമനുഷ്യരും സ്വീകരിക്കേണ്ടതാകുന്നു. കത്തോലിക്കാസഭയിൽ, ക്രീസ്തുവിനാൽ വെളിപ്പെടുത്തപ്പെട്ട എല്ലാ സത്യങ്ങളും നിൎഭേദമായി സംരക്ഷിക്കപ്പെട്ടുപോരുന്നു. വെളിപ്പെടുത്തപ്പെട്ട സത്യങ്ങളുടെനേരെ കത്തോലിക്കാസഭ എല്ലാകാലങ്ങളിലും അന്യാദൃശമായ ബഹുമാനവും ഭക്തിയും പ്രദശിപ്പിച്ചുകൊണ്ടിരിക്കുന്നു. കത്തോലിക്കാസഭക്കു പുറമേയുള്ള സഭകൾ വെളിപ്പെടുത്തപ്പെട്ട സത്യങ്ങളെ ഓരോന്നായി നിഷേധിച്ചുകൊണ്ടാണിരിക്കുന്നതു. ക്രീസ്തുമതമെന്നതു് ഒരു അതിസ്വാഭാവികമതം (Supernatural Religion) ആണെന്നുള്ളതിനെ അവർ വിസ്മരിച്ചുകളയുന്നു. അവർ ദൈവവെളിപാടിൽനിന്നും അവരുടെ അഭിരുചിക്കും വാസനക്കും യോജിക്കാത്തവയെ എടുത്തുനീക്കിക്കൊണ്ടു് ക്രീസ്തുമതത്തെ ഒരു സ്വാഭാവികമതം (Natural religion) ആക്കിത്തീൎത്തുകൊണ്ടിരിക്കുന്നു. ഇതിനാൽ അകത്തോലിക്കൎക്കു അതിസ്വാഭാവിക വിശ്വാസം (Supernatural faith) എന്ന അമൂല്യദാനം നഷ്ടപ്പെടുന്നു. ഏതൻമൂലം അവർ രക്ഷയുടെ പന്ഥാവിൽനി-

ന്നു വളരെ അകന്നുനില്ക്കുന്നു. വിശ്വാസംകൂടാതെ യാതൊരു മനുഷ്യനും ദൈവത്തെ പ്രസാദിപ്പിക്കാൻ സാധിക്കയില്ലെന്നു് വിശുദ്ധ പൌലോസു സമൎത്ഥിക്കുന്നതു് അതിസ്വാഭാവിക വിശ്വാസത്തെ സംബന്ധിച്ചാകുന്നു. വെളിപ്പെടുത്തപ്പെട്ട അനേകം സത്യങ്ങളെ അകത്തോലിക്കരിൽ പലരും നിഷേധിക്കുന്നതുകൊണ്ടു അവൎക്കു രക്ഷയ്ക്കു ആവശ്യമായ അതിസ്വാഭാവിക വിശ്വാസം നഷ്ടപ്പെട്ടുപോകും എന്നാണു കത്തോലിക്കാ സഭ പഠിപ്പിക്കുന്നതു്.

അകത്തോലിക്കരിൽ പലരുടേയുംജീവിതം കത്തോലിക്കരുടേതുപോലെയോ അതിനേക്കാൾ ഉത്തമമായതോ ആയിരിക്കുന്നതു നാം കാണുന്നുണ്ടു. അതുകൊണ്ടു സന്മാൎഗ്ഗജീവിതത്തിന്റെ കാൎയ്യത്തിലെന്നതിനേക്കാൾ വിശ്വാസം സംബന്ധിച്ച സംഗതിയിൽ ഉള്ള ന്യൂനത നിമിത്തമാണു് അകത്തോലിക്കരുടെ രക്ഷയുടെ കാൎയ്യം കത്തോലിക്കാസഭയുടെ ദൃഷ്ടിയിൽസംശയഗ്രസ്തമായി തീൎന്നിരിക്കുന്നതു്. കത്തോലിക്കാസഭ അകത്തോലിക്കരുടെ മാനസാന്തരത്തിന്നായി പരിശ്രമിക്കുന്നതു് അവരുടെ രക്ഷയുടെ കാൎയ്യത്തിൽ ഉള്ള ഉൽക്കണ്ഠ നിമിത്തമാകുന്നു. കത്തോലിക്കാ സഭയ്ക്കു പുറമേയുള്ള സഭകളിലും രക്ഷയുണ്ടെന്നു ഈ സഭ വിശ്വസിച്ചിരുന്നുവെങ്കിൽ, അവരെ മാനസാന്തരപ്പെടുത്തുന്നതിന്നു ഒരിക്കലും പരിശ്രമിക്കയില്ലായിരുന്നു. തിരുസഭയുടെ മഹാ മല്പാനായ വിശുദ്ധ അഗുസ്തീനോസ് ഈ സംഗതിയെപ്പററി പറയുന്നതു ഇപ്രകാരമാണു്.– "കത്തോലിക്കാ സഭയിലല്ലാതെ യാതൊരുത്തന്നും രക്ഷയുണ്ടാകുന്നതല്ലാ. കത്തോലിക്കാ സഭയ്ക്കു പുറമേ, രക്ഷ ഒഴിച്ചുള്ള കാൎയ്യങ്ങൾ സുലഭങ്ങളായിരിക്കാം. കത്തോലിക്കാ സഭയ്ക്കു പുറമേയുള്ള സഭകളിൽ ഒരുവന്നു ബഹുമാനം ഉണ്ടായേക്കാം; അവിടെ ജ്ഞാനസ്നാനം സിദ്ധിച്ചേക്കാം. അവിടെ സുവിശേഷം ഉണ്ടായിരിക്കാം. അവിടെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെ നാമത്തിൽ വിശ്വസിക്കയും പ്രസംഗിക്കയും ചെയ്യുക്കാം. എന്നാൽ കത്തോലിക്കാ സഭയിലല്ലാതെ വേറെ ഒരു സഭയിലും രക്ഷ കണ്ടെത്തപ്പെടുന്നതല്ലാ." (Sermon. ad. Coesarieas De. Emerit.)

എന്നാൽ സ്വന്തകുററംനിമിത്തം സത്യസഭയിൽനിന്നു തെററിപ്പോയിട്ടില്ലാത്തവരും സുവിശ്വാസത്തോടു കൂടി (Bonafide) പാഷണ്ഡസഭകളിൽ സന്മാൎഗ്ഗനിരതന്മാരായി നില്ക്കുന്നവരുമായ ആളുകൾ ദൈവാനുഗ്രഹത്താൽ രക്ഷ പ്രാപിച്ചേക്കാമെന്നു കത്തോലിക്കാ സഭ വിശ്വസിക്കുന്നുണ്ടു്. എങ്കിലും, കത്തോലിക്കാസഭക്കു പുറമേ ഉള്ള സഭകളിൽ രക്ഷയ്ക്കുള്ള മാൎഗ്ഗങ്ങൾ ദുൎല്ലഭമായിരിക്കയാൽ, അകത്തോലിക്കർ ഏവരുടേയും സ്ഥിതി അത്യന്തം പരിതാപകരമാണെന്നുള്ളതിനു സന്ദേഹമില്ലാ.

ആയതുകൊണ്ടു മിശിഹാതമ്പുരാൻ മനുഷ്യരക്ഷയെ ഉദ്ദേശിച്ചു് സ്ഥാപിച്ച ഏകസഭ കത്തോലിക്കാ സഭയാണെന്നും ഈ സഭയ്ക്കു പുറമേയുള്ള സഭകളെല്ലാം പാഷണ്ഡസഭകളാണെന്നും ഭൂമുഖത്തിലുള്ള സകല മനുഷ്യരും ഗ്രഹിച്ചുംകൊണ്ടു് "സത്യത്തിന്റെ തൂണും അടിസ്ഥാനവും" ആയ ഈ ഏകസഭയിൽ വന്നു ലയിക്കുന്നതിന്നു പരമകാരുണികനായ ദൈവം സംഗതി വരുത്തട്ടെ എന്നു ഹൃദയപൂൎവ്വം പ്രാൎത്ഥിച്ചുകൊള്ളുന്നു.

ഫാദർ തോമസ് മണ്ണഞ്ചേരി.

## ഞാനും ഒരു ക്രിസ്ത്യാനിയാകുന്നു.

(ഒരു ചരിത്ര കഥ.)

### I.

ക്രിസ്ത്വാബ്ദം ൧൭൦൯-ൽ ജൂൺമാസം ൧൪-ാംനു- വ്യാഴാഴ്ച ഏകദേശം അൎദ്ധരാത്രി ആയി എന്നു തോന്നുന്നു. നിശാനാഥൻ പശ്ചിമാബ്ധിയെ പ്രാപിച്ചി

രിക്കുന്നു. ലോകം മുഴുവൻ നിശ്ശബ്ദത വ്യാപിച്ചിരിക്കയാണ്. താരഗണങ്ങളുടെ ഇടയ്ക്കിടയുള്ള ശോഭയല്ലാതെ, ഘോരതമസ്സിനെ അല്പമെങ്കിലും ഹനിക്കുന്നതിനു യാതൊന്നുമില്ല തന്നെ മിന്നാമിനുങ്ങുകൾ അങ്ങുമിങ്ങും പറന്നു നടന്നിരുന്നു.

ലൈക്കോണിയാ ദേശാധിപനായ ഡൊമത്തീസൻ തന്റെ നിദ്രാശയ്യയിൽ കിടന്നുകൊണ്ടു ഇടക്കിടെ ചില അപ്രകൃത സ്വരങ്ങൾ പുറപ്പെടുവിക്കുന്നതു കേട്ടാൽ, ആ ദുഷ്ടഡയോക്ലിഷ്യൻ ചക്രവർത്തിയുടെ കല്പനപ്രകാരം താൻ നിഗ്രഹിച്ച അസംഖ്യം ക്രിസ്ത്യാനികൾ അയാൾക്കെതിരായി അണി നിരന്നിട്ടുണ്ടോ എന്നു സംശയം ജനിക്കാതിരിക്കയില്ല. ഈ ഭയങ്കരരാത്രിയിൽ ലൈക്കോണിയാദേശത്തിന്റെ തെക്കുപടിഞ്ഞാറെ അതിരിൽ സ്ഥാപിതമായ ഒരു ബ്രഹ്മാണ്ഡസൌധത്തിന്റെ രണ്ടാംനിലയുടെ വടക്കേ അററത്തെ മുറിയിൽ ഒരു ചെറുദീപം മങ്ങിമങ്ങി പ്രകാശിക്കുന്നു. അതിന്റെ സമീപത്തു നിശാവസ്ത്രങ്ങളണിഞ്ഞ ഒരു തരുണീരത്നം തന്റെ നിദ്രാശയ്യയുടെ പാദഭാഗത്തിരുന്നു് ഉപധാനഭാഗത്തേയ്ക്കു സൂക്ഷിച്ചുനോക്കുന്നു. അഴിഞ്ഞുകിടക്കുന്ന കേശഭാരവും, ചലിച്ചുകൊണ്ടിരിക്കുന്ന നയനങ്ങളും, വിളറിയ മുഖകമലവും കണ്ടാൽ, ഏതോ അസഹനീയമായ വ്യസനം അവളെ ബാധിച്ചിരിക്കുന്നു എന്നു തോന്നും. കുറേനേരം സ്തംഭിച്ചിരുന്നശേഷം തന്റെ വ്യസനത്തെ അടക്കാൻ ശക്തിയില്ലാത്തപോലെ അവൾ "അയ്യോ! എന്റെ പ്രിയകുമാരാ! സത്യവേദത്തെപ്രതി മരിക്കുന്നതിനു ഞാൻ സന്നദ്ധയായിരിക്കുന്നു. എന്നാൽ നിന്നെപ്പററിയുള്ള വിചാരം എന്നെ വല്ലാതെ വ്യസനിപ്പിക്കുന്നു. ഞാൻ മരിച്ചാൽ നിനക്കാരു സഹായം! നീയും വിഗ്രഹാരാധനക്കാരനാകുവാൻ നിർബന്ധപ്പെടുമല്ലോ. നിന്റെ പിതാവു് എത്ര ഭാഗ്യവാൻ! അദ്ദേഹം ഇതൊന്നും കാണാതെ ഇഹലോകവാസം വെടിഞ്ഞതല്ലോ. എന്റെ ദൈവമേ! ഈ കുഞ്ഞിനെ നിസ്സഹായനായി ഉപേക്ഷിക്കേണ്ടിവന്നാൽ അങ്ങുതന്നെ അവനെ കാത്താദരിക്കണമെ!" എന്നു പറഞ്ഞതും വാതൽ തുറന്നു് ഒരു ദാസി പ്രവേശിച്ചതും ഒരുമിച്ചു കഴിഞ്ഞു.

ദാസി— പ്രഭോ! ഡൊമത്തീസന്റെ ആളുകൾ അങ്ങേ തിരഞ്ഞുതുടങ്ങിയിരിക്കുന്നു. ഇനി ഇവിടെ താമസിക്കുന്നതു ഒട്ടും ശുഭമല്ല.

പ്രഭുകുമാരി— മത്താ! നീ എന്തു പറയുന്നു.

ദാസി— ഡയോക്ലിഷ്യന്റെ പ്രത്യേക കല്പനപ്രകാരം ഡൊമത്തീസൻ ക്രിസ്ത്യാനികളെ വധിക്കാൻ ആരംഭിച്ചിരിക്കുന്നു. അങ്ങേ അന്വേഷിച്ചു പിടിക്കുന്നതിനു്, അടുത്ത ദിവസംതന്നെ കല്പന കൊടുത്തു എന്നു താൻ പട്ടണത്തിൽനിന്നും മടങ്ങിവരുംവഴി, പോലീസ്സ്റ്റേഷന്റെ പടിക്കൽനിന്നും ഒരാൾ പറയുന്നതു കേട്ടു.

പ്ര. കു.— അയ്യോ ദാസി! എന്നാൽ ഇനി എന്താണ് ചെയ്യേണ്ടതു്.

ദാസി— അടിയൻ പോയി വേണ്ട ഒരുക്കങ്ങൾ ചെയ്തുവരാം. ഉടനെ ഇവിടെനിന്നും ഒളിച്ചോടിപ്പോകയേ നിവൃത്തിയുള്ളു.

പ്ര. കു.— എന്നാൽ അങ്ങിനെ തന്നെ. നേരം പാതിരാത്രി കഴിഞ്ഞിരിക്കുന്നു. വെളുക്കുന്നതിനുമുമ്പു ഈ രാജ്യത്തുനിന്നും കടക്കണം. അരമനയും മററും ദൈവത്തെത്തന്നെ ഏല്പിക്കാം. കുറേ അധിക ദിവസത്തേക്കാവശ്യമുള്ള സാമാനങ്ങൾ എടുത്തുകൊള്ളണം. മറിയയും ല്യൂയിസ്യായുംകൂടി പോരട്ടെ.

"കല്പനപോലെ" എന്നു പറഞ്ഞു മത്താ ഉടനേ പോയി. അസ്സമയത്തുണ്ടായ ശബ്ദങ്ങളാലും മററും ഞെട്ടിയുണർന്നു കഷ്ടിച്ചു മൂന്നു വയസ്സുപ്രായമുള്ള ഒരു കുട്ടി കരഞ്ഞുകൊണ്ടിരിക്കുന്ന തന്റെ പ്രിയമാതാവിനെ നോക്കി "അമ്മേ! അമ്മ എന്തിനാണ് കരയുന്നതു്" എന്നു ചോദിക്കുന്നതു കേട്ടിട്ടു് ആ പ്രഭുകുമാരിയുടെ വ്യസനം വർദ്ധിച്ചതല്ലാതെ അശേഷം ശമിച്ചില്ല. ആ ശിശു തന്റെ മാതാവിന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചുകൊണ്ടു വീണ്ടും "പൊന്നമ്മേ! ശിപായി വരുന്നുണ്ടോ? തമ്പുരാൻ നമ്മളെ രക്ഷിക്കും" എന്നു പ്രസന്നമുഖത്തോടുകൂടി പറഞ്ഞതു കേട്ടു സന്തോഷചിത്തയായ ജനനി സ-

പുത്രനെ ചുംബിച്ചുകൊണ്ടു "മകനെ തമ്പുരാൻതന്നെ നിന്നെ രക്ഷിക്കട്ടെ! ഇപ്പോൾ ഇവിടെ നിന്നു പോയില്ലെങ്കിൽ ഞാൻ ഇന്നാൾ പറഞ്ഞ ശിപായികൾ നമ്മെ കൊന്നുകളയും" എന്നു പറഞ്ഞവസാനിപ്പിക്കുന്നതിനുമുമ്പ് മത്താ പ്രവേശിച്ചിട്ട് "എല്ലാം തയ്യാറായിരിക്കുന്നു. ഉടുപ്പു മാറി പുറപ്പെടുക തന്നെ" എന്നു വിനയപൂർവ്വം ഉണർത്തിച്ചു.

പ്രഭ്വി— കൊള്ളാം അങ്ങിനെ തന്നെ. നീ കുമാരനെ കൊണ്ടുപോയി കുറേ കാപ്പിയും മറ്റും കൊടുക്കുക. പുത്രനെ ആലിംഗനം ചെയ്തുകൊണ്ടു "എന്റെ മകൻ മത്തായുടെകൂടെച്ചെന്നു കുറച്ചു കാപ്പി കഴിക്കുമ്പോഴേക്കും അമ്മ ഉടുപ്പു മാറി ഒരുങ്ങട്ടെ"

കുമാരൻ- അമ്മേ! എന്റെ ചുവന്ന ഉടുപ്പും തുവാലയും...

പ്രഭ്വി- കുഞ്ഞു കാപ്പി കുടിച്ചേച്ചു വരുമ്പോഴേക്കും അമ്മ എല്ലാം എടുത്തുവച്ചേക്കാം.

ആ കൊച്ചുകുട്ടി ദാസിയെ അനുഗമിക്കുന്നതു നോക്കിനിന്ന മാതാവ് "എന്റെ ദൈവമേ! ഈ തങ്കത്തിനെ ഞാൻ എങ്ങിനെ വിട്ടുപിരിയുന്നു. എനിക്കു വേദസാക്ഷിമുടി കിട്ടിയാലും ഇതിനെ എങ്ങിനെ അക്രിസ്ത്യാനികൾക്കായി കൈവെടിയും. എന്റെ കർത്താവേ! നീ ഞങ്ങളെ കൈവിടല്ലേ" എന്നു ആത്മഗതത്തോടുകൂടി ഉടമുറിയിൽ കയറി മത്താ തയ്യാറാക്കിയിരുന്നതും കേവലം ദരിദ്രക്കുട്ടത്തുമായ വസ്ത്രങ്ങൾ ധരിച്ച് ഒന്നാംനിലയിലേക്കിറങ്ങുന്ന ഗോവണിക്കൽ വന്നപ്പോൾ, വാത്സല്യപുത്രൻ "അമ്മേ! എന്റെ ഉടുപ്പ്" എന്നു പറഞ്ഞുകൊണ്ടു ഗോവണി കയറുവാൻ ആരംഭിക്കുന്നതു കണ്ടിട്ട് "എന്റെ തങ്കക്കുടം കേറണ്ടാ; ഞാൻ അങ്ങോട്ടു വരാം" എന്നുത്തരിച്ച് അരനിമിഷംകൊണ്ടു ഗോവണിപ്പടികൾ ഇറങ്ങി മിഴിച്ചു നോക്കിക്കൊണ്ടുനിന്ന കൊച്ചുമകന്റെ കൈവശം ഒരു ഭാണ്ഡം കൊടുത്തു. അവൻ ഝടിതിയിൽ അതഴിച്ചുനോക്കീട്ടു "ഇതാണോ കൊണ്ടുവന്നതു? ഇതെവിടെക്കിടന്ന ഉടുപ്പാണ്?" എന്നു നീരസഭാവത്തിൽ ചോദിച്ചു. "എന്റെ മകനേ! നിന്റെ പട്ടുടുപ്പും മറ്റും ഇട്ടുകൊണ്ടു പോയാൽ ആ ശിപായി നമ്മേ തിരിച്ചറിഞ്ഞേക്കുമെന്നു വിചാരിച്ചു നമ്മുടെ മത്താ കൊണ്ടുവന്നതാണിതു്. എന്റെ കുഞ്ഞിപ്പോൾ ഇതിട്ടാൽ മതി. പട്ടണത്തിൽ ചെല്ലുമ്പോൾ അമ്മ ഒരു ഒന്നാംതരം അങ്കി വാങ്ങിച്ചുതരാം" എന്നു പറഞ്ഞുതീരുന്നതിനുമുമ്പേ ശിശുവെങ്കിലും അസാമാന്യബുദ്ധിവൈഭവമുള്ള ആ കുഞ്ഞു ദരിദ്രവസ്ത്രങ്ങൾ ധരിച്ചു യാത്രയ്ക്കൊരുങ്ങി.

കാപ്പിൽ കുര്യാക്കോസു ശ. റോമ്മാ.

# തിരുഹൃദയഭക്തന്മാർ ൧൯൨൨ കുംഭമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

"പതിനൊന്നാം പീയൂസുമാർപ്പാപ്പാ."

൧൯൨൨ ഫെബ്രുവരി ൬-ാംനു ആണല്ലോ കാർഡിനൽ അക്കീലസ് റാത്തി മാർപ്പാപ്പാ ആയി തെരഞ്ഞെടുക്കപ്പെട്ടതു്. അതിനാൽ ഈ മാസത്തിൽ തിരുമേനി മാർപ്പാപ്പാസ്ഥാനത്തിലേക്കു ഉയർത്തപ്പെട്ടതിന്റെ വത്സരപൂർത്തിയാണ്. ഈ അവസരത്തിൽ തന്റെ മക്കളായ കത്തോലിക്കാ വിശ്വാസികളേവരും തനിക്കുവേണ്ടി പ്രത്യേകവിധമായി പ്രാർത്ഥിക്കണമെന്നു തിരുമനസ്സുകൊണ്ടു ആഗ്രഹിക്കുന്നു.

മുപ്പതു കോടിയിലധികം ജനത്തെ ഭരിച്ചുപോരേണ്ടതായ ഈ സ്ഥാനത്തിന്റെ ഭാരം എത്ര വലുതാണെന്നു ഇക്കാലത്ത് ആരേയും പറഞ്ഞറിയിക്കേണ്ടതില്ല. സ്വന്തമക്കളെ നടത്തിക്കൊണ്ടു പോകുന്നതിനുപുറമേ നരകവാതിലുകളോടു സദാ പോരാടുന്നതിനുള്ള ആവശ്യകത

യും യുദ്ധത്തിലിരിക്കുന്ന ഈ സഭയുടെ നേതാവാനുണ്ട്. ആകയാൽ അസാമാന്യങ്ങളായ അനവധി വരപ്രസാദങ്ങൾ നിരന്തരമായി അവിടത്തേയ്ക്കു സിദ്ധിക്കേണ്ടിയിരിക്കുന്നു.

തിരുമനസ്സുകൊണ്ടു തന്റെ ആദ്യത്തെ പരസ്യലേഖനം (Encyclical letter) ഇതിനിടെ പ്രസിദ്ധീകരിച്ചിട്ടുള്ളതിൽനിന്നു പൊതുവായ പ്രാർത്ഥനകൾകൊണ്ടു തനിക്കു എത്ര ആവശ്യമുള്ള ഒരു ഘട്ടമാണിതെന്നു കുറേക്കൂടി പ്രത്യക്ഷമാകുന്നു. ലോകത്തൽ സാമുദായിക പുനരുദ്ധാരണവും, സമാധാന പുനസ്ഥാപനവും ഉണ്ടായിക്കാണ്മാനാണു തിരുമേനി സർവ്വാത്മനാ ശ്രമിപ്പാൻ തുടങ്ങുന്നതെന്നു തന്റെ ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഇററലി ഒഴികെയുള്ള സമസ്തരാജ്യങ്ങളും പരിശുദ്ധ സിംഹാസനത്തോടു സഖ്യത്തിൽ വന്നിട്ടും തന്റെ ജന്മരാജ്യം മാത്രം ഇപ്രകാരം അകന്നു നിൽക്കുന്നതിൽ തിരുമനസ്സു അത്യന്തം ഖേദിക്കുന്നു. ഏതായാലും ഇററാല്യൻഗവമ്മേണ്ടിന്റെ പ്രാതികൂല്യം നിമിത്തം ൧൯൨൦-ൽ പൂർത്തിയാക്കാതെ നിറുത്തിവച്ചിരിക്കുന്ന വത്തിക്കാൻ സൂനഹദോസ്, കാലവിളംബം കൂടാതെ തുടൎന്നു നടത്തുന്നതിനാണു തിരുമനസ്സുകൊണ്ടു ഉദ്ദേശിക്കുന്നതു്. ലോകസമാധാനത്തിന്നു ഈ ഉദ്യമം സർവ്വപ്രകാരേണയും ഉപയോഗപ്രദമായിഭവിക്കുന്നതിനും, തിരുമനസ്സിലെ മഹത്തരങ്ങളായ മററഭിലാഷങ്ങൾ നിവൃത്തിയാകുന്നതിനും വേണ്ടി കത്തോലിക്കാ വിശ്വാസികളെല്ലാവരും ഈ മാസം മുഴുവൻ വിശേഷവിധിയായി പ്രാർത്ഥിപ്പാറാകണം.



മീനമാസം— "വിവാഹത്തിന്റെ പരിശുദ്ധത."

---

# മലങ്കരസഭയും മാർപ്പാപ്പാമാരും.

## II.

"൧൨൮൮ മുതൽ ൧൩൦൪ വരേ വാണ യബ് അലാഹാ പാത്രിയക്കീസു സ്വന്ത വിശ്വാസത്തെ ലക്ഷീകരിക്കുന്നതിലേക്കു നാലാം നിക്ലാവോസ്, പതിനൊന്നാം ബനഡിക്ററ് എന്ന മാർപ്പാപ്പാമാരുടെ സന്നിധിയിൽ അതിനെ രേഖാമൂലം സമൎപ്പിച്ചതു മെനേസീസിന്റെ 'അപഹരണത്തിനു ശേഷമാണെന്നു' പറയാമോ. (Vide Asseman IV. PP. 41-410. Orbis Terrarum Catholicus. PP. 165-6)."

ഇതാണു കുസുമത്തിന്റെ മൂന്നാമത്തെ ചോദ്യം. 'കാതോലിക് സഭ'യ്ക്കു ഇതിനും മറുപടി ഇല്ലാതില്ല. സ്വന്ത ഊഹത്തെമാത്രം അടിസ്ഥാനപ്പെടുത്തിയാണെന്നുള്ള ദൃഷ്യമേയുള്ളു. ഇതാ മാസികയുടെ ഉത്തരം.

"ഇദ്ദേഹം നെസ്തോറിയ കാതോലിക്കയായിരുന്നു. കുരിശു യുദ്ധത്തോടുകൂടി പൌരസ്ത്യസഭകളെ ആക്രമിപ്പാൻ പുറപ്പെട്ടിട്ടുള്ള ഡോമ്നിക്കൻ മിഷ്യനറിമാരുടെ തന്ത്രവും ശ്രമവുംമൂലം ഈ കാതോലിക്കാ ഒരു വിശ്വാസപ്രസ്താവന റോമായിലേക്കു എഴുതി അയച്ചിട്ടുണ്ട്. അതിനു കാരണമാക്കിയ സംഗതികൾ മുഴുവനും ഗ്രഹിക്കുന്നതിനു നെസ്തോറിയസഭാചരിത്രരേഖകൾ പരിശോധിക്കേണ്ടതാണ്. ഇദ്ദേഹം ഒരു വിശ്വാസപ്രസ്താവന അയച്ചു എന്നുവരികിലും അതു റോമ്മാസഭയുടെ ശരിയായ വിശ്വാസമായി സ്വീകരിച്ചതായി കാണുന്നില്ല. എന്നുമാത്രവുമല്ല, അദ്ദേഹമോ, അദ്ദേഹത്തിന്റെ പിൻഗാമികളോ റോമ്മാസഭയിൽ ചേൎന്നിട്ടുമില്ല. ൧൫൫൨-ൽ സൂലാക്കായുടെ കാലംവരെ ഒ

രു കാതോലിക്കായോ, അദ്ദേഹത്തിൻെറ സഭയോ റോമ്മാസഭയിലേക്ക ചേൎന്നിട്ടില്ല. എന്താ മതിയോ? മലങ്കരസുറിയാനിക്കാർ റോമ്മാസഭക്കാരായിരുന്നെന്നുള്ളതിനു ഇതു നല്ല തെളിവല്ലേ?"

മറുപടി എത്ര ബാലിശമാണെന്നു സ്വയം വിശദമാണല്ലോ. ആകയാൽ യബ് ആലാഹാ പാത്രിയൎക്കീസിൻെറ വിശ്വാസ പ്രഖ്യാപനത്തെ സംബന്ധിച്ച മേൽ കാണിച്ചിട്ടുള്ള 'കാതോലിക് സഭാ' മാസികയുടെ പ്രസ്താവനകൾക്ക എന്തു ചരിത്രലക്ഷ്യമാണുള്ളതെന്നു മാത്രമേ ഇതേപ്പററി ഞങ്ങൾക്ക ചോദിപ്പാനുള്ളു.

## പുതിയ പുസ്തകങ്ങൾ.

### 1. ദൈവപ്രകാശിതമതം കണ്ടുപിടിക്കാനുള്ള മാൎഗ്ഗം.

ഇതു കൺവേർഷൻ ലീഗു വക 11-ാമത്തെ പ്രസിദ്ധീകരണമാകുന്നു. മതം ദൈവപ്രകാശിതമായിരിക്കണമെന്നും, ദൈവപ്രകാശിതമായ മതത്തെ അന്വേഷിപ്പാൻ ഏവക്കും ചുമതലയുണ്ടെന്നും കഴിഞ്ഞ ലക്കംകൊണ്ടു സ്ഥാപിച്ച ശേഷം, ദൈവപ്രകാശനത്തെ തിരിച്ചറിവാനുള്ള ലക്ഷണങ്ങളേപ്പററിയാണ് ഇത്തവണ പ്രതിപാദിച്ചിരിക്കുന്നതു്. അഭ്യന്തരവും ബാഹ്യവുമായ പ്രസ്തുത ചിഹ്നങ്ങളേ വിവരിച്ചിരിക്കുന്ന കൂട്ടത്തിൽ അത്ഭുതങ്ങൾ, ദീഘദശനങ്ങൾ എന്നീ വിഷയങ്ങളേക്കുറിച്ചു ഇതിൽ സാമാന്യം വിസ്താരമായി നിരൂപണം ചെയ്തിട്ടുണ്ട്.

### 2. പാദുവായിലെ വി. അന്തോനീസിൻെറ ജീവചരിത്രം.

വില 5 ണ. അപേക്ഷിക്കേണ്ടും വിലാസം
റവ. ഡയറക്റ്റർ
സെൻറ് ആൻറനീസ് സോസയിററി
മററം, കൊച്ചിൻസ്റ്റെയിററ്.

റവ. ബ്രദർ പോൾ കാക്കശ്ശേരി അവർകൾ ഇംഗ്ലീഷിൽനിന്നു തർജ്ജമ ചെയ്തു, മോൺസിഞ്ഞോർ അന്തോനി പുതുശ്ശേരി അവർകളുടെ സാരഭൂയിഷ്ഠമായ ചുരുങ്ങിയ ഒരു അവതാരികയോടുകൂടി പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ചെറിയ പുസ്തകത്തിൽ വി. അന്തോനീസിൻെറ സംക്ഷിപ്തചരിത്രവും, ആ പരിശുദ്ധൻെറ ലുത്തനിയാ ആദിയായി ചില ഭക്താഭ്യാസങ്ങളും, മററം പള്ളിയിലേ വി. അന്തോനീസിൻെറ പീഠത്തിൻെറ കമനീയമായ ഒരു പടവും അടങ്ങിയിരിക്കുന്നു.

### 3 യാക്കോബായക്കാരും പുനരൈക്യവും.

റവ. ഫാദർ തോമ്മസ് മണ്ണഞ്ചേരി, കപ്പാട്ടചിറപ്പള്ളി. കാഞ്ഞിരപ്പള്ളി. വില ൨ അണ.

മ്ശിഹായുടെ സത്യസഭ കത്തോലിക്കാസഭ മാത്രമാണെന്നും, യാക്കോബായസഭ ആദിയായ വിഭിന്നകക്ഷികളെല്ലാം, ഇതിൽനിന്നു ഛേദിക്കപ്പെട്ട ശിഖരങ്ങളാണെന്നും, സരസവും യുക്തിയുക്തവുമായ വഴ ചോദ്യോത്തരങ്ങൾ വഴിയായി, ഗ്രന്ഥകാരൻ തനിക്കു സഹജമായ രചനാപാടവത്തോടുകൂടെ ഇതിൽ സമത്ഥിച്ചിട്ടുണ്ട്.

പുത്തൻപള്ളി സെമ്മിനാരി സാഹിത്യസമാജത്തിൻെറ ൮-ാമത്തെ വാഷികറിപ്പോർട്ടും, മിസ്റ്റർ മാത്യു മാമ്പറ രചിച്ചിട്ടുള്ള "ക്രിസ്തുദേവോദയം" മണിപ്രവാളകാവ്യം ഒന്നാംഭാഗവും, അതിരമ്പുഴ മിസ്റ്റർ സി എം. സെബാസ്റ്റ്യൻ എഴുതിയ "ക്രിസ്തീയഗീതാഞ്ജലി" പൂർവ്വഭാഗവും കൃതജ്ഞതാപൂർവ്വം കൈപ്പററിയിരിക്കുന്നു.

## വർത്തമാനസംഗ്രഹം.

### കേരളം.

വരാപ്പുഴ പുത്തൻപള്ളി സെമിനാരിയിൽ ഇക്കഴിഞ്ഞ സിസംബർ ൨-നു നടന്ന 'പട്ടംകൊട' അവസരത്തിൽ ചങ്ങനാശേരി മിസ്സത്തിലേക്ക രണ്ടും, എർണാകുളം മിസ്സത്തിലേക്ക നാലും, കൊ

ച്ചിയിലേക്കു ഒന്നും, ഇങ്ങനെ ആകെ ൭ നവവൈദികർ പട്ടമേററിട്ടുള്ളതായി അറിഞ്ഞു സന്തോഷിക്കയും, മ്ശിഹായുടെ ഈ പുതിയ യോദ്ധാക്കൾക്കു സകല വിജയങ്ങളും ആശംസിക്കയും ചെയ്തുകൊള്ളുന്നു.

*  *  *

തിരുവിതാംക്കൂർ മഹാരാജാവു തിരുമനസ്സുകൊണ്ടു ഫെബ്രുവരി ൮-നു കൊച്ചിയിലേക്കു എഴുന്നള്ളുന്നതിനു നിശ്ചയിച്ചിരിക്കുന്നു. യാത്രയിൽ കൊട്ടാരക്കര, കോട്ടയം, ഏററുമാനൂർ, വൈക്കം, തൃപ്പൂണിത്തുറ, തൃശ്ശൂർ എന്ന സ്ഥലങ്ങളിൽ എഴുന്നള്ളിത്താമസിക്കുന്നതും, മാസാവസാനത്തോടു കൂടെ തിരുവനന്തപുരത്തേക്കു മടങ്ങുന്നതുമാണ്.

*  *  *

തിരുവിതാംക്കൂർ; കൊച്ചി കത്തോലിക്കു സാധുജനസംഘത്തിന്റെ പ്രഥമ വാർഷികയോഗം ജനുവരി ൨-നു ഞായറാഴ്ച റവ ഫാദർ ഡോമിനിക്കു തോട്ടാശ്ശേരി എം. ഏ. യുടെ ആദ്ധ്യക്ഷത്തിൽ കോട്ടയത്തുവച്ചു ഭംഗിയായി നടന്നിരിക്കുന്നു. റവ ഫാദർ സെറാഫ്യാൻ സി. ഡി, മെസ്സേഴ്സ് ജോൺ നിധീരി ബി. ഏ. ബി. എൽ., ററി. ജെ. മാത്യു ബി. ഏ. ബി. എൽ. മുതലായ മഹാന്മാർ തദവസരത്തിൽ പ്രസംഗിക്കുകയുണ്ടായി. കേരളീയ കത്തോലിക്കാ സാമൂഹ്യസമ്മേളനക്കാർ ഇക്കൊല്ലവും ഉണരാൻ ഭാവമില്ലെങ്കിൽ അതു മഹാ കഷ്ടംതന്നെ!

*  *  *

കോട്ടയം ബിഷോപ്പ് ഡോക്ടർ ചൂളപ്പറമ്പിൽ അവർകൾ റോമിനു പോയിരുന്ന അവസരത്തിൽ തിരുവിതാംക്കൂർ മഹാരാജാവു തിരുമനസ്സുകൊണ്ടു കൊടുത്തയച്ചിരുന്ന ഒരു സന്ദേശം അദ്ദേഹം മാർപ്പാപ്പായുടെ സന്നിധിയിൽ സമർപ്പിക്കുകയുണ്ടായി. അതിനു കല്പിച്ചു കൊടുത്തയച്ച പ്രതിസന്ദേശവും, പരിശുദ്ധ പിതാവിന്റെ പ്രതിമ കൊത്തിയിട്ടുള്ള വൃത്താകൃതിയിലുള്ള ഒരു മെഡലും ബിഷോപ്പവർകൾ തിരുവനന്തപുരത്തെത്തി മഹാരാജാവിനെ ഏല്പിച്ചതായും തിരുമേനി സാദരം അതുകൾ സ്വീകരിച്ചശേഷം, കിട്ടിയ വിവരത്തിനു റോമിലേക്കു ഉടനെ എഴുതുന്നതാണെന്നു കല്പിച്ചതായും അറിയുന്നു.

*  *  *

വളരെനാളായി പ്രതീക്ഷിച്ചുകൊണ്ടിരുന്ന തൃശ്ശിവപേരൂർ വലിയപള്ളിയുടെ അപ്പീൽകേസു ജനുവരി ൩൦-നു ചൊവ്വാഴ്ച വിധി പറഞ്ഞിരിക്കുന്നു. മൂന്നു ജഡ്ജിമാരിൽ ഒരാൾ പള്ളി നെസ്തോറിയൻകാരുടേതാണെന്നും, വേറൊരാൾ ഇൻഡിപ്പെൻഡന്റു കക്ഷിയുടേതാണെന്നും, മൂന്നാമൻ കത്തോലിക്കരുടെ വകയാണെന്നുമാണ് അഭിപ്രായപ്പെട്ടിട്ടുള്ളത്. ഏതു വിധത്തിലാണ് ഇതിന്റെ കലാശമെന്നുള്ളതു് ഇനിയും കണ്ടുതന്നെ അറിയണം. തൽക്കാലം സമാധാനലംഘനം ഉണ്ടാകാതിരിക്കത്തക്കവണ്ണം ഗവമ്മേർറിൽനിന്നു ഏർപ്പാടു ചെയ്തു നിറുത്തിയിരിക്കയാണ്.

*  *  *

കേരളീയ ക്രിസ്തീയ ലോകത്തിന്റെ ശ്രദ്ധയേ സവിശേഷം ആകർഷിച്ചുകൊണ്ടിരിക്കുന്ന വേറൊരു കേസാണല്ലൊ യാക്കോബായക്കാരുടെ വട്ടിപ്പണക്കേസ്. അതിന്റെ ഹീയറിങ്ങു കഴിഞ്ഞു റീ ആരംഭിച്ചിരിക്കയാണ്. അധികം താമസിയാതെ വിധി പ്രസ്താവിക്കുന്നതാണെന്നറിയുന്നു.

*  *  *

കേരളത്തിൽനിന്നു ഇദംപ്രഥമമായി ഐ. സി. എസ്. പരീക്ഷ ജയിച്ചവരിൽ മിസ്റ്റർ എൻ. രാഘവൻപിള്ള എന്നൊരാളെ സെൻററൽ പ്രോവിൻസിലും, ശിവശങ്കരമേനോൻ അവർകളെ ത്രിശ്ശിനാപ്പള്ളിലും അസിസ്റ്റൻറു കലക്ടറന്മാരായി നിയമിച്ചിരിക്കുന്നതിൽ സന്തോഷിക്കുന്നു.

*  *  *

ജോലിയിൽനിന്നൊഴിഞ്ഞ ഹൈക്കോർട്ടു ജഡ്ജി മിസ്റ്റർ ശേഷയ്യക്കു പകരം സീനിയർ ഡിസ്ത്രിക്ടുജഡ്ജി മിസ്റ്റർ പി. ജെ. വറുഗീസു ബി. ഏ. ബി. എൽ. നെ നിയമിച്ചിരിക്കുന്നു. ഇതരസമുദായങ്ങളുടെ അഭ്യുന്നതിയിൽ കത്തോലിക്കർ അനുമോദിക്കുന്നതോടുകൂടി സ്വന്ത വിജയത്തിനായി പരിശ്രമിക്കയും ചെയ്യേണ്ടിയിരിക്കുന്നു.

## ഇൻഡ്യാ

ഭാരതമഹാജനസഭയുടെ ൩൭—ാമത്തെ യോഗം ഡിസംബർ ൨൬-ാനു- മുതൽ ൩൧-ാനു-വരെ സി ആർ. ദാസ് അവർകളുടെ ആദ്ധ്യക്ഷതയിൽ ഗയായിൽവച്ചു നടന്നിരിക്കുന്നു. സ്വരാജ്യലബ്ധിക്കുള്ള ശ്രമങ്ങൾ ഊർജ്ജിതത്തിൽ നടത്തിക്കൊണ്ടു പോകുന്നതിലേക്കു പല നിശ്ചയങ്ങൾ സഭയിൽ പാസ്സാക്കുകയുണ്ടായി.

* * *

തിരുശരീര പ്രദർശനാവസരത്തിൽ ഗോവയിൽ അമ്പതിനായിരം രൂപാ നേർച്ച വരവുണ്ടായതായി കാണുന്നു. ഇക്കൊല്ലം മുൻ അവസരങ്ങളെ അപേക്ഷിച്ച് അത്ഭുതസംഭവങ്ങൾ വളരെ കൂടുതലായിട്ടാണ് കേൾക്കുന്നത്. ധാർവാറിൽനിന്നു വന്നിരുന്ന ഒരു ആംഗ്ലിക്കൻ യൂറോപ്യൻപാതിരിയും, ബോംബെയിൽ നിന്നുള്ള മൂന്നു ഹിന്ദുക്കളും, സാൽസറ്റുകാരനായ ഒരു മുഹമ്മദീയനും മാനസാന്തരപ്പെട്ടു ജ്ഞാനസ്നാനം പ്രാപിച്ചതായി ഒടുവിൽ കിട്ടിയ വർത്തമാനങ്ങളിൽ കാണുന്നു.

* * *

സർവ്വേന്ത്യാ കത്തോലിക്കാ സമ്മേളനം ഡിസംബർ ൨൮-ാംനു- മുതൽ ജനുവരി ൨—ാംനു-വരെ ഗോവയിൽവച്ചു മംഗളമായി കഴിഞ്ഞുകൂടിയിരിക്കുന്നു. ഒരു ഏതദ്ദേശ്യ സന്യാസസഭ ഏൎപ്പെടുത്തുക, ഓരോ രൂപതയിലെ മെത്രാന്റെ മേൽനോട്ടത്തിൽ ശലഖാസംഘങ്ങൾ രൂപവൽക്കരിക്കുക, കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾക്കു പ്രചുരപ്രചാരം വരുത്തുക ആദിയായി പല ശ്രേഷ്ഠമായ കാൎയ്യങ്ങൾ സഭയുടെ പ്രത്യേകമായ ശ്രദ്ധയ്ക്കു വിഷയമായിട്ടുണ്ട്. "മലയാളത്തിലെ കത്തോലിക്കാസഭ" എന്ന വിഷയത്തെ അധികരിച്ച് ഫാദർ ഡിയാസ് എന്ന ദേഹം കൊങ്കണിഭാഷയിൽ ചെയ്ത പ്രസംഗം പ്രസ്താവാൎഹമാണ്.

* * *

സിലോണിൽ 1850-ാമാണ്ടു ഒരു ലക്ഷത്തിനാല്പതിനായിരം കത്തോലിക്കരും 300 പള്ളികളും 33 പട്ടക്കാരുമേ ഉണ്ടായിരുന്നൊള്ളു. ഇപ്പോൾ അവിടെ നാലു ലക്ഷത്തിൽപരം കത്തോലിക്കരും, 770 പള്ളികളും, 260 പട്ടക്കാരും ഉള്ളതായിക്കാണുന്നു.

## ഇററലി

കോട്ടയം മിസ്സത്തിൽനിന്നും റോമിൽ പോയി പഠിക്കുന്ന തെക്കനാട്ടു ബ. മാത്യു ശമ്മാശനവർകൾ പി. എച്ച്. ഡി. പരീക്ഷയിൽ ജയിച്ചിരിക്കുന്നതായറിഞ്ഞു സന്തോഷിക്കുന്നു.

* * *

ഡിസംബർ 11-ാംനു- കൂടിയ കൎദ്ദിനാൾ സംഘത്തിൽവച്ച് പരിശുദ്ധപിതാവ് തിരുമനസ്സുകൊണ്ടു 8 പേരെ നവമായി കൎദ്ദിനാൾപദത്തിലേക്കു ഉയൎത്തിയിരിക്കുന്നു. ഇവരിൽ ലിസബനിലെ വത്തിക്കാൻസ്ഥാനപതിയായ അക്കിലേലൊക്കത്തെല്ലി, അമ്മേരിക്കായിലെ ദലഗാദപ്പസ്തോലിക്കാ ആയിരുന്ന ബൊൺസാനോ, തൊലേദോ മെത്രാപ്പോലീത്താ ആയ കസനേവാ, കാർഡിനൽ റാത്തിയുടെ പിൻഗാമിയായി മിലാൻമെത്രാപ്പോലീത്താ ആയി നിയമിക്കപ്പെട്ട തോസി, ഒർലിയൻസു മെത്രാനായ തൊച്ചററ, റെന്നസ് മെത്രാപ്പോലീത്താ ആയ കാറോസ്റ്റ് എന്നിവർ കാർഡിനൽ പട്ടക്കാരായിട്ടും, സുനഹദോസുകളുടെ തിരുസംഘത്തിന്റെ സെക്രട്ടറിയായ മൊൺസിഞ്ഞോർ മോറി, മുമ്പു വത്തിക്കാൻ ലൈബ്രേറിയനായിരുന്നിട്ടുള്ള റവ. ഫാദർ ഏൾ എന്നിവർ കൎദ്ദിനാൾ ആറാംപട്ടക്കാരായിട്ടുമാണ് നിയമിക്കപ്പെട്ടിട്ടുള്ളത്.

* * *

പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ സെക്രട്ടറിയായിരുന്ന (നമ്മുടെ മുമ്പിലത്തെ ദലഗാദപ്പസ്തോലിക്കാ) മൊൺസിഞ്ഞോർ ഫുമസോനി ബിയോണ്ടിയെ അമ്മേരിക്കയിലെ ദലഗാദായിട്ടു നിയമിച്ചിരിക്കുന്നു.

* * *

മാർപ്പാപ്പാ തിരുമനസ്സിലെ സന്ദേശമനുസരിച്ചു ക്ഷാമപീഡിതൎക്കായുള്ള ധനശേഖരം ഒന്നിനൊന്നിനു വൎദ്ധിച്ചുകൊണ്ടിരിക്കുന്നു. ജാതിമതഭേദം നോക്കാതെ എല്ലാത്തരക്കാൎക്കും അവിടുന്നു ധാരാളമായി സഹായം ചെയ്തുവരുന്നുമുണ്ട്. സിലീഷ്യായിലെ അൎമ്മേനിയൻ പാത്രിയൎക്കീസിനു ഒരു ലക്ഷം ലീരയും, ബെയിറൂട്ട് ദലഗാദിനു അമ്പതിനായിരം ലീരയും

## ഔഷധക്കുറിപ്പുകൾ.

മുത്തങ്ങാക്കിഴങ്ങു, പിച്ചകമൊട്ടു, നീർപ്പുരത്തിക്കുരു, ഇലവർങ്ങത്തൊലി, ഇവസമം എടുത്തു മുലപ്പാലിൽ അരച്ചു നസ്യംചെയ്താൽ തലവേദന ഭേദപ്പെടും.

ചുക്കു, തിപ്പലി, കുരുമുളകു, മനയോല ഇവ തുല്യാംശങ്ങളായി കയ്യുന്നീരിൽ അരച്ചുണക്കി തിരിതെറുത്തു നെയ്യിൽ നനച്ചു പുകവലിക്കുക. എല്ലാത്തരത്തിലുള്ള ചുമകളും അല്പകാലംകൊണ്ടു മാറും.

കൈതയോല ചുട്ടെടുത്ത ഭസ്മം വെണ്ണനെയ്യിൽ കുഴച്ചു പുരട്ടുക തീപ്പൊള്ളലിനു കൈകണ്ട ഔഷധമാകുന്നു.

"കോട്ടയംപത്രിക"

---

ഈയിടെ അയച്ചുകൊടുക്കുകയുണ്ടായി. ടർക്കിയിൽനിന്നു അനാഥരായ ൭൦൦ അർമ്മേനിയൻകുട്ടികളേയും, ൧൨ സഹോദരികളേയും റോമിൽ താമസിപ്പിച്ചു സംരക്ഷിക്കുന്നതിനായി അങ്ങോട്ടു കൊണ്ടുപോയിരിക്കുന്നു.

## മനോഗുണവിവരങ്ങൾ.

☞ ചുരുക്കമായി ഈ വിധം വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു 1 രൂ. മുമ്പേറു അടക്കേണ്ടതാണ്.

വി. യൌസേപ്പുപിതാവിനോടു ചെയ്ത നവനാൾ മദ്ധ്യസ്ഥപ്രാർത്ഥനയുടെ ഫലമായി എനിക്കു സിദ്ധിച്ച പരീക്ഷാവിജയത്തിനു ഉപകാരസ്മരണ. ഇത്രനാളും നേർച്ച നിറവേററുന്നതിനു നേരിട്ട അമാന്തത്തെക്കുറിച്ചു ക്ഷമായാചനം ചെയ്തുകൊള്ളുന്നു. പി. ററി. എം. കാവാലം.

ദീർഘനാളായി ഞങ്ങൾ ആഗ്രഹിച്ചിരുന്ന ഒരു കാര്യം വി. അന്തോനീസിന്റെ സഹായത്താൽ സാധിച്ചതിനും, വിലപിടിച്ച രണ്ടു സാധനങ്ങൾ കാണാതെ പോയതു കിട്ടിയതിനും ഉപകാരസ്മരണ. ഇ. വി. പാവർട്ടി.

പഴവിൽ മാർ അന്തോനീസിന്റെ സഹായത്താൽ എനിക്കു സിദ്ധിച്ച ഒരു പ്രത്യേക മനോഗുണത്തിനു കുസുമം വഴിക്കു നന്ദിപറഞ്ഞുകൊള്ളുന്നു.

എം. ആർ. സി. തലശ്ശേരി.

വി. യൌസേപ്പുപിതാവിന്റെ സഹായത്താൽ ദീനം സുഖപ്പെട്ടതിനു ഉപകാരസ്മരണ. കെ. പി. ജി. നീലഗിരി.

എന്റെ ഭാര്യക്കു പിടിപെട്ടിരുന്ന അസാദ്ധ്യരോഗം ചെങ്ങളത്തു വി. അന്തോനീസു പുണ്യവാന്റെയും വി. ശൌരിയാർ പുണ്യവാന്റെയും മാദ്ധ്യസ്ഥത്താൽ അത്ഭുതമായി സുഖപ്പെട്ടിരിക്കുന്നതു കൃതജ്ഞതാസൂചകമായി കുസുമത്തിൽ പ്രസിദ്ധപ്പെടുത്താനപേക്ഷ.

ഏ. എം. എഫ്. തിരുവനന്തപുരം.

എനിക്കു കാലിൽ ഉണ്ടായിരുന്ന സുഖക്കേടു വി. അന്തോനീസിന്റെ സഹായത്താൽ സുഖപ്പെടുകയും, തിരുഹൃദയകാരുണ്യത്താൽ എനിക്കു ശമ്പളക്കൂടുതലും, എന്റെ സ്നേഹിതനായ ഒരുപ്രോട്ടസ്റ്റന്റുകാരനു ഒരു കേസിൽ വിജയവും ലഭിക്കയും ചെയ്തതിന്റെ കൃതജ്ഞത.

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

(൧) മുത്തുക്കരി ഇടവക മെമ്പ്രന്തറ ബ. പീലിപ്പോസച്ചൻ അവർകളുടെ സഹോദരനായ ബ. യാക്കോബച്ചൻ ൨൨ ആഗസ്റ്റ് ൨൭-നു ൩൨ വയസ്സു.

(൨) ആലപ്പുഴ പടിപ്പുരയ്ക്കൽ ലോറൻസു ജോസഫ് ജനുവരി ൭-ാംനു വെള്ളിയാഴ്ച.

(൩) ചേർപ്പുങ്കൽപള്ളി ഇടവക ചെറുശ്ശേരിൽ ബ. യൌസേപ്പച്ചൻ ജനുവരി ൯-ാംനു ചൊവ്വാഴ്ച ൩൪ വയസ്സു.

(൪) പുളിങ്കുന്നു കർമ്മലീത്താ മഠത്തിൽ (ചാത്തംപറമ്പിൽ) സിസ്റ്റർ മറിയം മഗ്ദലേനാ ജനുവരി ൧-ാംനു ൩൧ വയസ്സ്.

Printed and Published for the Proprietor by P. K. Joseph
at St. Joseph's Press, Mannanam. 1923.

# Do You Want a Share–

In one Mass every week for your special intentions?
In a Solemn High Mass of Requiem every year after your death?
In more than 5,800 other Masses every year for our friends?
In the merits of the prayers, penances and good works of the Fathers of the Blessed Sacrament and their Associated Members?
In a special prayer "For our benefactors and all the intentions recommended to our Community" at Benediction twice a day?

*Then subscribe to*

**The Sentinel of the Blessed Sacrament.**

The Sentinel of the Blessed Sacrament is one of the leading Catholic periodicals of the day. Its ideal is high, its aim is higher. It exists but to foster devotion to the Divine Host in our Tabernacles. Its sole ambition is to make Him better known, loved and served the whole world over. Its one prayer is, "That His Eucharistic Kingdom Come!"

Will you join? Send your remittance by registered mail, money-order or check to the address below.

| | | | |
|---|---|---|---|
| Subscription Price | $ 2.00 | a year in the | United States |
| | 2.10 | ,, ,, | Canada |
| | 2.25 | ,, ,, | Elsewhere. |

**The Fathers of the Blessed Sacramen**

614 Sibley Street
Chicago, Illinois

-or-

185 East 76th Street
New York, N. Y.

## കർമ്മലകുസുമം.

പഴയ ലക്കങ്ങൾ കൂട്ടിക്കെട്ടിയതു്– ഏതാനും പ്രതികൾ വില്പാനുണ്ടു്. ഒന്നു മുതൽ പത്തുവരെ പുസ്തകങ്ങൾ, ഉള്ളടക്കത്തോളം ലക്കങ്ങൾ കുസുമദീപികസഹിതം ഭംഗിയായി കൂട്ടിക്കെട്ടിയതിനു വില രൂപാ മൂന്നര.

പത്തു മുതൽ ഇരുപതുവരെ പുസ്തകങ്ങൾ ഉള്ളടക്കത്തോളം ലക്കങ്ങൾ ചേർത്തു് കുസുമദീപികയോടുകൂടി ഭംഗിയായി ബയിണ്ടു ചെയ്തതിനു വില രൂപാ നാലു.

തപാൽക്കൂലി പുറമെ. ആവശ്യക്കാർ സ്റ്റാമ്പായിട്ടോ മറേറാ അര രൂപാ മുമ്പേർ അയച്ചിരിക്കണം.

മാനേജർ, കർമ്മലകുസുമം.

## സെൻറു ജോസഫ്സ് പ്രസ്സ് പഞ്ചാംഗം.

മാന്നാനം സെൻറ് ജോസഫ്സ് പ്രസ്സ് വകയായി 1923-ാമാണ്ടത്തെ ഷീററു കലണ്ടർ വില്പാൻ തയാറുണ്ടു്. പല വർണ്ണങ്ങളിലും മേന്മയുള്ള കടലാസിലും മനോഹരമായടിച്ചിരിക്കുന്ന പ്രസ്തുത പഞ്ചാംഗത്തിനാവശ്യമുള്ളവർ ഉടനെ അപേക്ഷിക്കുക വില 3 ചക്രം.

സൂപ്രണ്ടു്. സെൻറു ജോസഫ്സ് പ്രസ്സ്, മാന്നാനം.

# Registered No. M. 365. No: T. 54.

## പി. പാപ്പിക്കമ്പനി
## മാന്നാനം.

### ജപമാല സാമാനങ്ങൾ

| ചൈനാപ്പട്ട നീളം വളയം | | | Rs. | as. | p. |
|---|---|---|---|---|---|
| ൨-ാം „ പിരിച്ചതു | ൧ | „ | 0 | 10 | 0 |
| ൩-ാം „ | ൧ | „ | 0 | 9 | 0 |
| ൪-ാം „ | ൧ | „ | 0 | 4 | 6 |
| ൧-ാം കമ്പി | ൧ | „ | 0 | 3 | 6 |
| ൨-ാം „ | ൧ | „ | 0 | 3 | 6 |
| ൩-ാം „ | ൧ | „ | 0 | 4 | 6 |
| ൪-ാം „ | ൧ | „ | 0 | 5 | 0 |
| ആക്കമുടി ൧-ാംതരം | ൧ | „ | 1 | 6 | 0 |
| ടി. ൨-ാംതരം | ൧ | „ | 1 | 0 | 0 |
| അല്പ്പൂസ് ൧-ാംതരം | ൧ | „ | 0 | 6 | 0 |
| ടി. ൨-ാംതരം | ൧ | „ | 0 | 4 | 6 |
| ടി. ൩-ാംതരം | ൧ | „ | 0 | 3 | 0 |
| ചെന്തി. (Bridge) | ൧ | „ | 0 | 3 | 0 |
| ആണി. (Screw) | ൧ | „ | 0 | 3 | 0 |
| പരന്തുവാൽ. | | | | | |
| ൧-ാംതരം | ൧ | „ | 0 | 12 | 0 |
| ടി. ൨-ാംതരം | ൧ | „ | 0 | 10 | 0 |
| ബുക്കബയണ്ടിംഗിനുള്ള | | | | | |
| തങ്കം ബുക്ക | ൧ | „ | 2 | 4 | 0 |
| ടി. വെള്ളി | ൧ | „ | 0 | 8 | 0 |

### അലൂമിനം കാശുരൂപങ്ങൾ

| | | | | | |
|---|---|---|---|---|---|
| No. a. (മുട്ടഭാഷ) ഡസൻ | 1ക്ക | | 0 | 1 | 9 |
| നമ്പ്ര 1 സെൻറു ജോസഫ് | „ | „ | 0 | 2 | 3 |
| 1251 ഇത്താല്യൻ കാശു. | „ | „ | 0 | 5 | 0 |
| 247 വി. അന്തോനി (വട്ടം) | | „ | 0 | 10 | 0 |
| 100 വി. തോമ്മാശ്ലീഹാ. | „ | „ | 0 | 10 | 0 |
| 101 ടി. പിച്ചള | „ | „ | 0 | 7 | 0 |
| 50 വി. കബ്ബാന. | | „ | 0 | 14 | 0 |
| 53 അമലോത്ഭവം. | | „ | 0 | 14 | 0 |
| 56 ടി. | | „ | 1 | 2 | 0 |
| 131 തിരുഹൃദയം. | | „ | 1 | 2 | 0 |
| 6434 „ | | „ | 1 | 2 | 0 |

### അലൂ. വെന്തിഞ്ഞ കാശുരൂപങ്ങൾ

| | | | | |
|---|---|---|---|---|
| 298 മുട്ടഭാഷ. | „ | 0 | 5 | 0 |
| 324 കക്കടവൃത്തം. | „ | 0 | 5 | 0 |
| 231 നീണ്ടഭാഷ. | „ | 0 | 7 | 0 |
| 337 വൃത്തം. | „ | 0 | 7 | 0 |
| 338 വൃത്തം. ഡസൻ ൧ക്ക | „ | 0 | 10 | 0 |
| 7030 ചതിര എരട്ടത്തട്ട ചെറുതു് | „ | 0 | 10 | 0 |
| 325 കക്കടവൃത്തം. | „ | 0 | 10 | 0 |
| 342 കരിശുഭാഷ. | „ | 0 | 10 | 0 |
| 7023 ചതിര ഒററത്തട്ട. | „ | 0 | 14 | 0 |
| 7031 ചതിര എരട്ടത്തട്ട വലുതു് | „ | 0 | 14 | 0 |
| 399 നക്ഷത്രഭാഷ. | „ | 1 | 2 | 0 |
| 321 മുന്തിരിങ്ങാ വള്ളിക്കെട്ട്. | „ | 1 | 2 | 0 |

### പളുങ്കു് കാശുരൂപങ്ങൾ.

| | | | | |
|---|---|---|---|---|
| 0 0 തിരുഹൃ. അമലോ. മുട്ടഭാഷ | „ | 2 | 4 | 0 |
| 0 „ „ „ | „ | 3 | 0 | 0 |
| 1 ഇരുവശത്തും പടമുള്ള അരുളിക്ക | „ | 1 | 11 | 0 |

### പുസ്തകങ്ങൾ.

| | | | |
|---|---|---|---|
| 1 വ്യാകുലപങ്കപ്പാട്ടചരിത്രം ൧ക്ക | 1 | 0 | 0 |
| 2 അന്തോനീസിൻ ചരിത്രം | 0 | 5 | 0 |
| 3 കൊച്ചുത്രേസ്യാ ൧ | 0 | 5 | 3 |
| 4 വ്യാകുലപ്രസംഗം | 0 | 4 | 6 |
| 5 ദേവമാതാവിൻ അമ്മാന | 0 | 8 | 0 |
| 6 ജ്ഞാനസുന്ദരിയ്ക്കാൾ അമ്മാന | 0 | 8 | 0 |
| 7 ചോദ്യാദിപാന | 0 | 3 | 6 |
| 8 പുത്തൻപാന | 0 | 4 | 6 |
| 9 ദേവമാതാവിൻ സ്തോത്രമാല | 0 | 2 | 3 |
| 10 സുറിയാനിപൂജസഹായം | 0 | 1 | 3 |
| 11 ലത്തീൻപൂജസഹായം | 0 | 1 | 6 |
| 12 ദേവാലയഗീതം | 0 | 10 | 0 |
| 13 നിത്യാരാധന 1ക്ക് | 2 | 0 | 0 |
| 14 പീയൂഷസംഗ്രഹം 1ക്ക് | 0 | 10 | 0 |
| 15 ദിനചര്യം 1ക്ക് | 0 | 5 | 2 |
| 16 തിരുഹൃദയവണക്കം 1ക്ക് | 0 | 10 | 0 |
| 17 അത്ഭുതലിലിപുഷ്പം 1ക്ക് | 0 | 4 | 0 |
| 18 കുടുംബ പ്രതിഷ്ഠ 1ക്ക് | 0 | 2 | 0 |
| 19 സ്വപ്നപാഠ 1ക്ക് | 0 | 14 | 0 |
| 20 ഗൃഹസഖി 1ക്ക് | 0 | 6 | 0 |
| 21 പൂജസംഗ്രഹം 1ക്ക് | 0 | 2 | 0 |

### പടങ്ങൾ.

| | | | | | |
|---|---|---|---|---|---|
| 8×10 | വലിപ്പം | „ | 1 | 8 | 0 |
| 13×17 | ടി. | „ | 4 | 8 | 0 |
| 16×20 | ടി. | „ | 6 | 12 | 0 |
| പ്രയർബുക്ക സയിസു പടങ്ങൾ | | „ | 0 | 0 | 6 |
| 240 പടമുള്ള പാളിപ്പടം പാളി ൧ക്ക | | | 1 | 14 | 0 |

8×10, 13×17, 16×20, ടി. വലിപ്പങ്ങളിൽ തിരുഹൃദയപ്രതിഷ്ഠയ്ക്കുതകുന്നതായ തിരുഹൃദയ പടങ്ങളും അത്ഭുതപ്രവർത്തകനായ വി: അന്തോനീസ്, തിരുക്കുടുംബം, തങ്കവള്ളത്തോടുകൂടിയ മാതാവു മുതലായ പലതരം പടങ്ങളുമുണ്ട്.

P. Pappy and Co.
Mannanam, Travancore.